ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം



Vol. 59
Issue. 5
MAY 2016



www.ernakulamarchdiocese.org

# മെയ് 1 - തൊഴിലാളിദിനം



തൊഴിലാളികളുടെ മദ്ധ്യസ്ഥനായ
വി. യൗസേപ്പിതാവേ,
ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN
# എറണാകുളം മിസ്സം

## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ - തെരഞ്ഞെടുപ്പ്
9. കാരുണ്യവർഷ ചിന്തകൾ (6)
11. പിതാക്കന്മാരുടെ ശുശ്രൂഷകൾ
15. കച്ചേരിക്കാര്യം
15. Transfers/Appointments
16. ബ. വൈദികരുടെ വാർഷികധ്യാനം
23. വൈദികസമിതി റിപ്പോർട്ട് (158)
25. നിവേദിത, ചുണങ്ങംവേലി
26. വാർത്തകളും വിശേഷങ്ങളും
27. നിര്യാതരായി
32. മതബോധന ഡിപ്പാർട്ടുമെന്റ്
37. ഫാമിലി അപ്പസ്തോലേറ്റ്
39. സഹൃദയ (സോഷ്യൽ സർവ്വീസസ്)
43. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി
45. നൈപുണ്യ ഇന്റർനാഷണൽ
47. സി. എം. എൽ.
48. ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്
49. അതിരൂപതാ ഡയറി


**Editor: Rev. Fr. Jose Pollayil**

Volume : **59**
Issue No. : **5**
Month : **May 2016**

**Office:**
Archdiocesan Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 01.5.1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 01.5.1971 |
| Fr. Kodiyan George, Chendamangalam | 1905 | 1936 | 02.5.1980 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 03.5.1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 03.5.1971 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 06.5.2005 |
| Fr. Thaliyath Thomas, Puthenpally | 1888 | 1918 | 07.5.1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 07.5.1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 09.5.1993 |
| *Msgr. George Valliarumpeth, Vaikom* | *1889* | *1916* | *11.5.1970* |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12.5.1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14.5.1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15.5.1983 |
| *Msgr. Varghese Pudussery, Edad* | *1897* | *1928* | *16.5.1980* |
| Fr. Nettickadan Joseph, Meloor | 1933 | 1959 | 16.5.2001 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19.5.2015 |
| Fr. Manavalan Paul (Jr.), Elavoor | 1952 | 1978 | 21.5.2002 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22.5.1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22.5.2009 |
| Fr. Chiramel Antony, Meloor | 1883 | 1913 | 23.5.1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24.5.1991 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25.5.2008 |
| Fr. Vattamkandathil Mathai, Thalayolaparambu | -- | -- | 27.5.1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27.5.1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27.5.1998 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29.5.1993 |
| Fr. Kariatty Paul, Alangad | 1940 | 1967 | 29.5.2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31.5.1991 |

*മരണംമൂലം വേർപിരിഞ്ഞ നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരെ നമ്മുടെ അനുദിന പ്രാർത്ഥനകളിലും ദിവ്യബലിയിലും ഓർത്ത് പ്രാർത്ഥിക്കാം.*

Prot.No.0437/2016

## സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ലോകരാജ്യങ്ങൾക്കു മുമ്പിൽ ഭാരതത്തിന്റെ മഹിമ ഉയർത്തുന്നതാണു നമ്മുടെ ശക്തമായ ജനാധിപത്യ വ്യവസ്ഥിതി. പരിമിതികൾക്കു നടുവിലും ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന പ്രാഭവം ഭാരതത്തിനും ഭാരതീയർക്കും തീർച്ചയായും അഭിമാനകരമാണ്. ലോകം പരീക്ഷിച്ച ഭരണസമ്പ്രദായങ്ങളിൽ ജനാധിപത്യമാണ് ഏറ്റവും സ്വീകാര്യമായി മാറിയത്. ജനാധിപത്യത്തിൽ ജനങ്ങൾക്കാണ് അധികാരം.

എന്നാൽ പ്രായോഗികതലത്തിൽ ജനങ്ങൾക്ക് അർഹമായ തങ്ങളുടെ അധികാരം പ്രയോഗിക്കാൻ സാധിക്കുന്നില്ലെന്ന ആക്ഷേപമുയരാറുണ്ട്. എങ്കിലും ജനക്ഷേമം മറന്നു പ്രവർത്തിക്കുന്നവരെ അധികാരത്തിൽ നിന്നു നീക്കാനും ജനോപകാരപ്രദമായ നിലപാടുകൾ സ്വീകരിക്കുമെന്നു കരുതുന്നവരെ പ്രതിഷ്ഠിക്കാനും ജനങ്ങൾക്ക് അവസരമുണ്ട്. അത്തരം അവസരമാണല്ലോ തെരഞ്ഞെടുപ്പ്. കേരളം ഒരു തെരഞ്ഞെടുപ്പിനായി ഒരുങ്ങുകയാണ്. സാമൂഹികപ്രതിബദ്ധതയോടും മൂല്യാധിഷ്ഠിതചിന്തകളോടും കൂടിയാവണം നാം തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടത്. കക്ഷിരാഷ്ട്രീയങ്ങൾക്കപ്പുറത്തു പൊതുനന്മയാണു സഭ എന്നും ആഗ്രഹിക്കുന്നത്. പൗരബോധത്തിന്റെ പരോപകാരപ്രദമായ പ്രവർത്തനങ്ങൾ സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ്. മെയ് 16-നു നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വിശ്വാസികളുടെ പരിചിന്തനത്തിനായി ഈ സർക്കുലർ അയയ്ക്കുന്നു.

തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ ജനാധിപത്യഭരണക്രമത്തിൽ അംഗീകരിച്ചേ മതിയാവൂ. രാഷ്ട്രീയനേതാക്കന്മാർ മുന്നണിവ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെയാണെന്നും അവരിൽ പ്രതീക്ഷ

നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അതുകൊണ്ട് വോട്ടു ചെയ്യുന്നില്ല എന്നും ചിന്തിക്കുന്ന ആളുകളുടെ എണ്ണം കൂടിവരികയാണ്. സമകാലിക രാഷ്ട്രീയത്തിന്റെ പ്രയോഗതലങ്ങളിലെ അസ്വസ്ഥതകൾ കണ്ടാണ് ഇത്തരം അരാഷ്ട്രിയവാദത്തിലേക്കും നിസംഗതയിലേക്കും നിഷ്ക്രിയ ത്വത്തിലേക്കും ചിലരെങ്കിലും പോകുന്നത്. യുവജനങ്ങളും അഭ്യസ്ത വിദ്യരും രാഷ്ട്രീയത്തോടു വൈമുഖ്യം പുലർത്തുന്നതു ഗൗരവമായി പരിശോധിക്കപ്പെടണം. വോട്ടു ചെയ്തിട്ടു കാര്യമില്ല, അല്ലെങ്കിൽ, ഇവർക്കാർക്കും വോട്ടുചെയ്തിട്ടു ഫലമില്ല എന്നെല്ലാമുള്ള മനോഭാ വങ്ങൾ നിലവിലെ സംവിധാനങ്ങളോടുള്ള പ്രതിഷേധത്തിന്റെ അടയാ ളമാകുമെങ്കിലും, ജനാധിപത്യത്തെ ദുർബലമാക്കാനും സ്ഥാപിത താത് പര്യക്കാർക്കു തങ്ങളുടെ നയങ്ങൾ എതിർപ്പില്ലാതെ മുന്നോട്ടുകൊണ്ടു പോകാനുമാണു സാഹചര്യമൊരുക്കുക. രാജ്യത്തെയും സമൂഹ ത്തെയും സ്നേഹിക്കുന്നവർ വോട്ടു ചെയ്യുക എന്ന അടിസ്ഥാനപ രമായ പൗരധർമം വിനിയോഗിച്ചു ജനാധിപത്യതെരഞ്ഞെടുപ്പു പ്രക്രി യകളോടു സഹകരിക്കേണ്ടതുണ്ട്. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഉറപ്പാക്കാൻ ഏവരും ശ്രദ്ധിക്കണം.

ഓരോ കാലഘട്ടത്തിലെയും ജനത്തിന് അവർക്ക് അനുയോജ്യരായ നേതാക്കന്മാരെ ലഭിക്കുന്നുവെന്നു പറയാറുണ്ടല്ലോ. വോട്ടുവഴി നാടു ഭരിക്കാനുള്ള അധികാരം നാം ഏൽപിച്ചുകൊടുക്കുന്നവരെക്കുറിച്ചും അവരുടെ ആശയസംഹിതകളെക്കുറിച്ചും വികസനകാഴ്ചപ്പാടുകളെ ക്കുറിച്ചും പൗരന്മാരായ നമുക്ക് അറിവുണ്ടാവണം. പഠനവും ചർച്ചയും വിവേകവും പ്രാർഥനയും നല്ല നേതാക്കന്മാരെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ആവശ്യമാണ്.

രാഷ്ട്രീയമേഖലയിലുൾപ്പെടെ സഭയ്ക്ക് വ്യക്തമായ സാമൂഹിക കാഴ്ച പ്പാടുകളുണ്ട്. രാഷ്ട്രീയക്കാരിൽ സഭയുടെ കാഴ്ചപ്പാടുകളോട് ഒത്തു പോകുന്നവരും അല്ലാത്തവരുമുണ്ട്. പൊതുവേ ഒത്തുപോകുന്ന വരെന്നു കരുതപ്പെടുന്നവരും ചില കാര്യങ്ങളിൽ ഒത്തുപോകണ മെന്നില്ല. ഒത്തുപോകാത്തവരെന്നു തോന്നുന്നവരും ചില കാര്യങ്ങളിൽ സഭയുടെ കാഴ്ചപ്പാടുകളെ അംഗീകരിക്കുന്നവരായിരിക്കാം. സഭാവി ശ്വാസികളിൽതന്നെ പല രാഷ്ട്രീയ പാർട്ടികളുടെയും അനുഭാവികളും പ്രവർത്തകരുമുണ്ട്. എല്ലാവരുടെയും സ്വാതന്ത്ര്യത്തെ സഭ മാനിക്കുന്നു.

സഭ ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന മൂല്യങ്ങൾ സമൂഹത്തിന്റെ ക്ഷേ മത്തിനും കെട്ടുറപ്പിനും ഉതകുന്നതാണ്. ഈശ്വരവിശ്വാസം, സത്യം,

നീതി, മതേതരത്വം, പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത, മതങ്ങളോടും മതാത്മകപ്രസ്ഥാനങ്ങളോടുമുള്ള ആദരവ്, ഭരണഘടനയോടും കോടതിയോടുമുള്ള ബഹുമാനം, ജനാധിപത്യ-മാനവിക മൂല്യങ്ങളോടുള്ള ആഭിമുഖ്യം, സഹിഷ്ണുത എന്നിവ സഭയുടെ സാമൂഹ്യപ്രബോധനത്തിന്റെ അന്തസാരമാണ്. രാജ്യത്തിന്റെ വികസനവും കെട്ടുറപ്പും നിലനിൽപും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിലാണെന്നു സഭ വിശ്വസിക്കുന്നു. സഭ വിശ്വസിക്കുന്ന മൂല്യങ്ങളോട് രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർഥികൾക്കുമുള്ള നിലപാടുകളെയും വിലയിരുത്തിവേണം സഭാംഗങ്ങൾ സമ്മതിദാനാവകാശം വിനിയോഗിക്കുവാൻ.

ജനാധിപത്യത്തോടു നിസംഗമായ മനസ് സമൂഹത്തിൽ രൂപപ്പെടാതിരിക്കാൻ രാഷ്ട്രിയപ്പാർട്ടികളും സർക്കാരുകളും നയങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. സമൂഹജീവിതത്തെ നശിപ്പിക്കുന്ന അഴിമതി, വർഗ്ഗീയത, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ, മദ്യത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപഭോഗം ഇവയ്ക്കെല്ലാമെതിരെ രാഷ്ട്രീയകക്ഷികൾക്കു വ്യക്തമായ നിലപാടുകൾ ഉണ്ടാവണം. അക്രമരാഷ്ട്രിയം ജനാധിപത്യ സമൂഹത്തിനു തീരാകളങ്കമാണ്. അസഹിഷ്ണുതയും ജനാധിപത്യവിരുദ്ധമായ കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും രാഷ്ട്രിയപ്പാർട്ടികൾ ഉപേക്ഷിക്കണം.

സമൂഹത്തിലെ എല്ലാവിഭാഗങ്ങൾക്കും ഉപകരിക്കുന്ന വികസന പരിപാടികൾ വേണം സർക്കാരുകൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടത്. കർഷകർ, ദളിതർ, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർ, ആദിവാസികൾ, സംഘടിതരും അസംഘടിതരുമായ തൊഴിലാളികൾ ഇങ്ങനെ എല്ലാവർക്കും അർഹമായ നീതി ഉറപ്പുവരുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തു സർക്കാർമേഖലയ്ക്കൊപ്പം സ്വകാര്യമേഖലയ്ക്കും ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ രംഗത്ത് എല്ലാ ന്യൂനപക്ഷവിഭാഗങ്ങൾക്കും ന്യായമായ അവകാശങ്ങൾ ഉറപ്പാക്കുന്ന നയങ്ങളാണു സർക്കാർ അവലംബിക്കേണ്ടത്.

തെരഞ്ഞെടുപ്പിലൂടെ നാടിന്റെ ഭരണം ഏതാനും വ്യക്തികളുടെ കൈകളിൽ ഏൽപിച്ചുകൊടുക്കുന്നതോടെ ഉത്തരവാദിത്വം കഴിഞ്ഞു എന്നു ചിന്തിക്കരുത്. ജനപ്രതിനിധികൾ തങ്ങളുടെ കടമ എപ്രകാരമാണു നിർവ്വഹിക്കുന്നതെന്നു വിശകലനം ചെയ്യപ്പെടണം. അവർക്ക് ആവശ്യമായ പിന്തുണയും തിരുത്തലുകളും നൽകുമ്പോഴാണു ജനാധി

പത്യവ്യവസ്ഥയിലെ ജനങ്ങളുടെ അധികാരം പൊതുനന്മയ്ക്കായി വിനിയോഗിക്കപ്പെടുന്നത്.

പ്രിയമുള്ളവരേ, തെരഞ്ഞെടുപ്പുകാലത്തു രാഷ്ട്രീയപ്പാർട്ടികൾ ഉന്നയിക്കുന്ന താത്ക്കാലികമായ ആരോപണങ്ങളും പ്രത്യാരോപണങ്ങളും എന്നതിൽ മാത്രമൊതുങ്ങരുത് നമ്മുടെ രാഷ്ട്രീയവിശകലനവും പൗരബോധവും. നാടിന്റെ സുസ്ഥിര താത്പര്യങ്ങളും സമൂഹനന്മയും ദൈവിക മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഭരണസംവിധാനം നിലവിൽ വരാൻ പ്രതിബദ്ധതയോടു കൂടി തെരഞ്ഞെടുപ്പു പ്രക്രിയയിൽ നമുക്കു പങ്കുചേരാം. അർഹരും യോഗ്യരുമായ ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടാൻ സഭാംഗങ്ങൾ പ്രാർഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

+കർദ്ദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം ആണ്ട് മാർച്ചു മാസം 30 -ാം തിയതി നൽകപ്പെട്ടത്.

..........................................

P.S.: 2016 ഏപ്രിൽ 10-ാം തീയതി പള്ളികളിൽ വായിക്കുന്നതിനായി നൽകിയ സർക്കുലർ.

കാരുണ്യവർഷചിന്തകൾ - 6

# കർത്താവേ, കരുണാർദ്ര ഹൃദയം നൽകണേ!



കോട്ടയം വടവാതൂർ സെമിനാരിയിൽ ആയിരുന്നപ്പോൾ ഒരു ദിവസം വൈകിട്ട് ഷിബു എന്നു പേരുള്ള യുവാവ് പ്ലാസ്റ്റർ ഇട്ട കാലുമായി വളരെ വിഷമിച്ചു മുറിയിലെത്തി തന്റെ ദുഃഖങ്ങൾ പങ്കുവച്ചു. "വാടകവീട്ടിലാണു താമസം. വീട്ടിൽ ഭാര്യയും രണ്ട് മക്കളും. ജോലിക്കിടെ അപകടം സംഭവിച്ചു കാല് ഒടിഞ്ഞു. ഒരു മാസമായി ജോലിക്കു പോകുന്നില്ല. വാടക കൊടുക്കണം. സ്കൂൾ തുറക്കാറായി. കുട്ടികൾക്കു ഡ്രസ്സും, പുസ്തകങ്ങളും വാങ്ങിക്കണം, ഫീസ് കൊടുക്കണം. ആകെ തകർന്നിരിക്കുകയാണ്. ഇപ്പോൾ ആത്മഹത്യയെക്കുറിച്ചു മാത്രമെ ഞങ്ങൾ ചിന്തിക്കുന്നുള്ളു. അച്ചനു സഹായിക്കാൻ പറ്റുമോ?" അദ്ദേഹത്തിന്റെ കദനകഥ കേട്ടപ്പോൾ വളരെ വേദനിച്ചു. അനുകമ്പ തോന്നി നല്ലൊരു തുക കൊടുത്തു സഹായിച്ചു, പ്രാർത്ഥിച്ച് ആശ്വസിപ്പിച്ചു പറഞ്ഞയച്ചു. കുറച്ചു കഴിഞ്ഞു ഞാൻ മുറി പൂട്ടി പുറത്തേയ്ക്കിറങ്ങി ഗേറ്റിന്റെ അടുത്തെത്തിയപ്പോൾ സെക്യൂരിറ്റി പോളേട്ടൻ ചോദിച്ചു: "കാലിൽ പ്ലാസ്റ്റർ ഇട്ടു വന്ന ആൾ അച്ചനെ കണ്ടുവോ? സഹായിച്ചുവോ?" "ഉവ്വ്" എന്നു പറഞ്ഞപ്പോൾ പോളേട്ടൻ പറഞ്ഞു: "അയാൾ തട്ടിപ്പാണ്. ഗേറ്റ് കടന്നപ്പോൾ അയാൾ സാധാരണ രീതിയിൽ നടന്നു പോയി. പലപ്പോഴും ടൗണിൽ ബാറിന്റെ മുന്നിൽ അയാൾ അടിപിടി കൂടുന്നതു കാണാറുണ്ട്. അയാൾ അച്ചനെ ശരിക്കും പറ്റിച്ചു. ഇവർക്കൊന്നും ഒരു നയാപൈസപോലും കൊടുത്തു സഹായിക്കരുതച്ചോ." വഞ്ചിക്കപ്പെട്ട വിവരം കേട്ടപ്പോൾ എനിക്കു ദേഷ്യവും സങ്കടവും വന്നു. 'ഓ, അതു വലിയ നാണക്കേടായിപ്പോയല്ലോ. ഏതായാലും പോയതു പോയി എന്നു സ്വയം ആശ്വസിച്ചു. ഇനിയിങ്ങനെ പറ്റിക്കപ്പെടരുത്' എന്നു തീരുമാനമെടുത്തു. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ഷിബുവിന്റെ ഫോൺ കോൾ. "അച്ചോ, വാടകക്കാരൻ വാടക കൊടുക്കാത്തതിന്റെ പേരിൽ വീട്ടിൽ വന്നു ബഹളം ഉണ്ടാക്കുന്നു. ഉടൻ എന്നെ ഒന്നു സഹായിക്കണം. അല്ലെങ്കിൽ ഞങ്ങൾ ആത്മഹത്യ ചെയ്യുവാൻ പോകുന്നു." ഇതു കേട്ടു കഴിഞ്ഞപ്പോൾ പറ്റിച്ചതിന്റെ വിഷമം എന്നിൽ ആളിക്കത്തി. വളരെ ദേഷ്യപ്പെട്ടു കുറെ കാര്യങ്ങൾ പറഞ്ഞു. "ഇനി ഇവിടെ വന്നാൽ പോലീസിൽ ഏല്പിക്കുമെന്നു" ഭീഷണിപ്പെടുത്തി ഫോൺ താഴെ വച്ചു. ദേഷ്യപ്പെടലും സംസാരവും അല്പം കടന്നുപോയതു കൊണ്ടു ഞാൻ വളരെ അസ്വസ്ഥനായി. മനസ്സിനു സ്വസ്ഥത ലഭിക്കാതെ വന്നപ്പോൾ ആദ്ധ്യാത്മിക പിതാവിനെ സമീപിച്ചു, സംഭവിച്ചതെല്ലാം വിവരിച്ചു. "പറ്റിക്കുന്ന മനുഷ്യരുള്ളതുകൊണ്ടു ഇനി ഇതുപോലെ സഹായിക്കാൻ മനസ്സില്ല" എന്നും അറിയിച്ചു. അച്ചൻ സ്നേഹപൂർവ്വം ആശ്വസിപ്പിച്ചു കൊണ്ടു ഉപദേശിച്ചു: "അച്ചോ, ഒരാൾ തന്റെ ദുഃഖങ്ങൾ പങ്കുവയ്ക്കുമ്പോൾ, അതു കേൾക്കുന്ന നമുക്കു സഹതാപം തോന്നുകയാണെങ്കിൽ, അനുകമ്പയുണ്ടാകുകയാണെങ്കിൽ, നമ്മൾ സഹായിക്കണം. എല്ലാവരെയും സംശയത്തോടെ വീക്ഷിച്ചു, സഹായം നൽകാ

തിരുന്നാൽ നമ്മളിലുള്ള കാരുണ്യഭാവം സാവധാനം നഷ്ടപ്പെടും. ആരെങ്കിലും നമ്മളെ പറ്റിക്കുന്നുണ്ടെങ്കിൽ അക്കാര്യം ദൈവം നോക്കിക്കൊള്ളും."

സ്വർഗ്ഗസ്ഥനായ പിതാവിന്റെ കാരുണ്യമുഖമായിരുന്ന ക്രിസ്തു കരുണാമയനായിരുന്നു. അതുകൊണ്ടാണു മുന്തിരിത്തോട്ടത്തിൽ പല സമയത്തു ജോലിക്കു വന്ന എല്ലാവർക്കും കണക്കു നോക്കാതെ ഒരേ കൂലി നൽകിയത്; ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്ന ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ അനുകമ്പ തോന്നിയത്; നായിനിലെ വിധവയുടെ ഏകപുത്രന്റെ മരണത്തിൽ അനുകമ്പ തോന്നി, ആ മകനെ ഉയിർപ്പിച്ചത്; ലാസറിന്റെ മരണത്തിൽ മർത്തായും മറിയവും കരയുന്നതു കണ്ടപ്പോൾ ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായത്. കരുണാദ്രഹൃദയത്തിന്റെ ഉടമയായിരുന്നു അവിടുന്ന്.

തിരക്കുള്ള ഒരു ദിവസം ഫ്രാൻസീസ് അസ്സീസി കടയിലിരിക്കുമ്പോൾ ഒരു ഭിക്ഷക്കാരൻ വന്നു. കടയിലെ ജോലിക്കാർ പലതും പറയാൻ തുടങ്ങി: "ഈ ഭിക്ഷക്കാരെക്കൊണ്ട് എന്തൊരു ശല്യം", "ആഴ്ചയുടെ അവസാന ദിവസമാണു ധർമ്മം കൊടുക്കുന്നത് എന്ന് ഇവർക്കറിയില്ലേ", "ഞാൻ ആർക്കും ധർമ്മം കൊടുക്കാറില്ല. അലസന്മാരെ വളർത്താൻ എന്നെ കിട്ടില്ല", "ഇത്തരക്കാരെ പിടിച്ചുകെട്ടി ജയിലിലടക്കുകയാണു വേണ്ടത്", "ഇത്തരക്കാരാണ് സാംക്രമികരോഗം പരത്തുന്നത്." ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ഫ്രാൻസീസ് ഒന്നും കൊടുക്കണ്ട എന്നു തീരുമാനിച്ചു. പക്ഷെ, കുറച്ചു കഴിഞ്ഞപ്പോൾ പെട്ടെന്ന് ഒരു കാര്യം ഓർത്തു അദ്ദേഹം അസ്വസ്ഥനായി: "ഒരു പ്രഭു കത്തുമായി ദൂതനെ പറഞ്ഞയച്ചിരുന്നെങ്കിൽ ഞാനയാളെ സ്വീകരിക്കുമായിരുന്നു. ദൈവം പറഞ്ഞയച്ച ആളെ ഞാൻ ഗൗനിച്ചില്ലല്ലോ!" ഒരു നാണയത്തുട്ടെടുത്തു നീട്ടി. പക്ഷെ അതു വാങ്ങാൻ യാചകൻ അവിടെയില്ല. ഫ്രാൻസീസ് ഉടൻ ഒരു പണക്കിഴിയെടുത്തു പുറത്തേക്കിറങ്ങി യാചകനെ തേടിപ്പിടിച്ചു ക്ഷമാപണം നടത്തി പണക്കിഴി ഏൽപ്പിച്ചു. ഹൃദയം ശാന്തമായപ്പോൾ ഒരു പ്രതിജ്ഞയെടുത്തു: "ആരെങ്കിലും ധർമം ചോദിച്ചാൽ ഉടൻ സഹായിച്ചു കൊള്ളാം." വേദനിക്കുന്നവരും കഷ്ടപ്പെടുന്നവരും നമ്മുടെ അടുത്തു വരുമ്പോൾ അവരെ ദൈവം പറഞ്ഞയച്ചതാണ് എന്ന ചിന്തയുണ്ടായാൽ നമ്മൾ അവരെ എത്ര ബഹുമാനത്തോടെയായിരിക്കും സ്വീകരിക്കുന്നത്. യേശു തന്നെയാണ് അവരുടെ രൂപത്തിൽ വരുന്നതും സഹായം തേടുന്നതും എന്നു വിശ്വസിക്കേണ്ടെ? "എന്റെ ഏറ്റവും എളിയ ഈ സഹോദരങ്ങൾക്കു നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണു ചെയ്തത്" എന്നാണല്ലോ ഈശോ പറഞ്ഞത്. ഈ കാരുണ്യ വർഷത്തിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നവർ മാത്രമല്ല, നമുക്കു സ്വർഗസ്ഥനായ പിതാവിനെപ്പോലെ കരുണാദ്രഹൃദയമുള്ളവരായിരിക്കണം. കണക്കില്ലാതെ കരുണ കാണിക്കുന്നവനാണ് അവിടുന്ന്. എല്ലാറ്റിനെയും എല്ലാവരെയും ബുദ്ധികൊണ്ടു വിശകലനം ചെയ്യുന്ന ഈ ലോകത്തിൽ എല്ലാവരെയും ഹൃദയം കൊണ്ടു കാണുവാൻ നമുക്കു പഠിക്കാം. എല്ലാവരും എല്ലായിടത്തും കരുണാദ്രഹൃദയം ഉള്ളവരാണെങ്കിൽ, ഈ ലോകത്തു ദാരിദ്ര്യമുണ്ടാകില്ല, കുറ്റവാളികൾ ഉണ്ടാകില്ല. അവിടെ ദൈവരാജ്യം സംജാതമാകും. കർത്താവേ, ഞങ്ങൾക്കു അങ്ങയുടേതുപോലുള്ള കരുണാർദ്ര ഹൃദയം നൽകണേ.

**ജോസ് പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### MAY 2016

| | | | |
|---|---|---|---|
| 1 | am | Renewal Centre | *Prathibha Vikas* Programme |
| | pm | Karukunnu (S.A.B.S.) | Cenecle Provincial & Councilors' Meet |
| 2 | pm | Thottumugham | S.D. Generalate |
| 3 | am | Mount St. Thomas | Lineamenta consultation for youth |
| 4 - 7 | | France | |
| 8 | am | Thrissur | Cathedral Church Blessing |
| | pm | Vaikom | Forane Bible Convention |
| 10 | am | Mount St. Thomas | Vocation: Religious Sisters' Meet |
| 11 | pm | Mount St. Thomas | *Prathibhasangamam* |
| | | S.H. Minor Seminary | Major Seminarians' Gathering |
| 12 | am | Major Abp's House | Meeting - Religious Assistants |
| | pm | Renewal Centre | Preachers' & Counsellors' meet |
| | | Basilica Ekm. | D.F.C. Meeting |
| 14 | am | Basilica Ekm. | Baptism |
| | | Basilica Ekm. | Wedding |
| | pm | Vennala | Mariyasadan Convent - Final Profession |
| 15 | pm | Chalikkavattam | Blessing: Home for the aged |
| 16-17 | | Changanacherry | Mission Consultation |
| 18 | am | Changanacherry | Closing ceremony of the Cause of Abp. Kavukatt |
| | pm | Major Abp's House | Priests' batch wise meetting |
| 19-20 | | Thalaserry | Mission Consultation |
| 21 | | Mount St. Thomas | Pediatricians' meet |
| 22 | pm | Neduvannoor | Church Blessing |
| | | Angamaly | Jesus Youth Meeting |
| 23-24 | | Mount St. Thomas | Mission Consultation |
| 25-31 | | France | |

## JUNE 2016

| | | | |
|---|---|---|---|
| 3 | | Major Abp's House | Feast of Sacred Heart |



## Bishop Sebastian Adayanthrath

### MAY 2016

| | | | |
|---|---|---|---|
| 1 | am | Parur-Kottakavu | Holy Mass &First Holy Communion |
| | pm | Sanjo Nagar | Holy Mass & Parish Declaration |
| 2 | am | Aluva | Clarapuram - Jubilee |
| 3 | am | Bishop's House | L.F. Managing Committee |
| 4 | am | Bishop's House | Lisie Managing Committee |
| | pm | Nadel | Vaikom Forane Bible Convention |
| 6 | am | P.O.C. | Meeting |
| | pm | Kanjoor | School Blessing |
| 7 | | Kottayam | Meeting |
| 8 | am | Pandupara | Holy Mass & First Holy Communion |
| | pm | Kalady | Holy Mass &Parish Day |
| 9 | am | Periyarmugham | Holy Mass & Jubilee, C.S.S.E. Sisters |
| 10 | pm | Bishop's House | Pastoral Council Executive |
| 11 | am | Renewal Centre | Education Sponsors' Meeting |
| 12 | am | S.H. Seminary | Holy Mass |
| | pm | Elamakkara | Holy Mass & Parish Hall Blessing |
| 14 | am | Sreemoolanagaram | Holy Mass & First Holy Communion |
| | pm | Elamkulam | |
| 15 | am | Kakkanad | Minor Orders, Archdiocesen Seminarians |
| | pm | Maruthorvattom | Holy Mass & Parish Day |
| 18 | pm | Karanakodam | Baptism |
| 19 | | Mookkannoor | Curia - Forane Visit |
| 20 | am | Bishop's House | Directors' Meeting, A.I.C.O. |
| 21 | am | Vaikom | Memorial Mass |
| | pm | Mathanagar | Marriage Blessing |

| | | | |
|---|---|---|---|
| 22 | am | Karukutty | Parish Day |
| 23 -24 | | Mount St. Thomas | Meeting |
| 25 | am | Bishop's Hose | Meeting - Religious Assistants |
| | pm | Basilica Ekm. | Betrothal |
| 26 | am | Karukachal | Marriage Blessing |
| 27 | | Engaged | |
| 28 | am | Edakunnu | Naipunnya Public School |
| | pm | Niveditha | Superiors' Meeting |
| 29 | am | Matha Nagar | Holy Mass, First Holy Communion |
| | pm | Naduvattom | Holy Mass & Parish Day |
| 30 | am | Konoor | Jubilee & Final Profession, S.M. Sisters |

## JUNE 2016

| | | | |
|---|---|---|---|
| 1 | am | Edakkunnu | New Academic Year |
| | pm | Kakkanad | Major Archiepiscopal Day |
| 3 | | Major Abp's House | Feast of Sacred Heart |
| 5 | pm | Mookkannoor | Holy Mass & Parish Day |
| 07-09 | | P.O.C. | K.C.B.C. |



## Bishop Jose Puthenveettil

## MAY 2016

| | | | |
|---|---|---|---|
| 1 | am | Kollakode | First Holy Communion & Confirmation |
| | pm | Puliyanam | Holy Mass &Chapel Blessing |
| 2 | pm | Edappally | Holy Mass |
| 3 | am | Kakkanad | Message & Interaction (Childrens' Home) |
| | pm | Renewal Centre | Class |
| 5 | am | Basilica Ekm. | Marriage Blessing |
| 6 | am | Parappuram | Holy Mass & Flag Hoisting |
| 7 | am | Kothamangalam | Holy Mass, First Holy Communion |
| 8 | | Chendamangalam | Pastoral Visit |

| | | | |
|---|---|---|---|
| 9 | am | Edappally | Vestition |
| 10 | pm | Bishop's House<br>Renewal centre | Pastoral Council Executive<br>Class |
| 11 | am | Renewal centre | Education Sponsors' Meeting |
| 13 | pm | S.H. Seminary<br>Neerpara | Major Seminarians' Gathering<br>Visit |
| 14 | am<br>pm | Manappuram<br>Athani | Holy Mass & First Holy Communion<br>Jubilee & Final Profession |
| 15 | pm | Valluvally | Holy Mass & Parish Day |
| 16 | | Election | |
| 17 | pm | Kaipra | Holy Mass |
| 18 | am | Chittoor | Holy Mass |
| 19 | | Mookkannoor | Curia - Forane Visit |
| 20 | am | Bishop's House | Directors' Meeting, AICO |
| 21 | pm | Koratty | Hospital Blessing |
| 22 | pm | Akapparambu | Holy Mass, Parish Day |
| 23 | | Mount St. Thomas | Meeting |
| 24 | am<br>pm | Mount St. Thomas<br>Renewal Centre | Meeting<br>Class |
| 25 | am | Bishop's House | Meeting - Religious Assistants |
| 27 | pm | Edakkunnu | Visit |
| 28 | am | Kalamasserry | Marriage Blessing |
| 29 | | Eloor | Holy Mass & First Holy Communion |
| 31 | pm | Thrissur | |

## JUNE 2016

| | | | |
|---|---|---|---|
| 1 | <br>pm | Thrissur<br>Kakkanad | Academic Year Inauguration,<br>Major Archiepiscopal Day |
| 3 | am<br>pm | Major Abp's House<br>Cherthala | Feast of Sacred Heart<br>Visit |

# കച്ചേരിക്കാര്യം

## അനുമോദനങ്ങൾ!!!



ആഗോള കത്തോലിക്കാ സഭയുടെ ക്രിസ്തീയ സഭൈക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ അംഗമായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയാൽ നിയമിതനായ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് എറണാകുളം -അങ്കമാലി അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാനിർഭരമായ ആശംസകളും!!! അഞ്ച് വർഷത്തേയ്ക്കാണ് ഈ നിയമനം. നിലവിൽ വിശ്വാസതിരുസംഘം, പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘം, മതബോധനത്തിനായുള്ള അന്താരാഷ്ട്ര കൗൺസിൽ ഇവയിലും അഭിവന്ദ്യ കർദ്ദിനാൾ അംഗമാണ്.

# Transfers/Appointments

**April 2016**

| | |
|---|---|
| Kaipenplackal Sebastian | Kalamassery - Resident Priest |
| Parecattil Thomas | Pulluvazhy - Acting Vicar |
| Thadathil John Varghese CP | Thalayolaparambu - Asst. Vicar |
| Thottankara Jophy | Studies |
| Sarpathil Jose CSC | Relieved - Muttom Residence |

Chancellor

## അനുമോദനങ്ങൾ!!!



*"Jesus the Model of Today's Catholic Priests: A Historical Critical Study of the Biblical Reference Used in the Main Magisterial Teachings of the Post Vatican II, Popes Paul VI, John Paul II and Benedict XVI on Priestly Life"* - എന്ന ഗവേഷണ പ്രബന്ധത്തിന് റോമിലെ *Theresianum Pontifical Institution* -ൽ നിന്നും ഡോക്ടറേറ്റ് നേടിയ **ബഹു. ജോസ് ഓലിയപ്പുറത്ത്** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും, ആശംസകളും!!!

# ബ. വൈദികരുടെ വാർഷിക ധ്യാനം

ഓരോ വർഷവും അതിരൂപതാ വൈദികർക്കായി നടത്തുന്ന പൊതുധ്യാനത്തിൽ എല്ലാ വൈദികരും നിർബന്ധമായും സംബന്ധിക്കണം. തക്ക കാരണങ്ങളാൽ വാർഷിക ധ്യാനത്തിന്റെ ഏതെങ്കിലുമൊരു ബാച്ചിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ അക്കാര്യം അതിരൂപതാ കച്ചേരിയിൽ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിയശേഷം **ഡിസംബർ 31–ാം തീയതി**ക്കുമുമ്പ് ധ്യാനത്തിൽ സംബന്ധിച്ച് പ്രസ്തുത വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കുകയും ചെയ്യേണ്ടതാണ് (*അതിരൂപതനിയമസംഹിത 2009,* പേജ് 44, 30 (ii)).

1. രണ്ട് സ്ഥലങ്ങളിൽ 5 ബാച്ചുകളായി ധ്യാനം നടത്തുന്നു:

### 1) നിവേദിത, ചുണങ്ങംവേലി.

**ബാച്ച് 1 : ജൂൺ 05 – 10 റവ. ഫാ. ജസ്റ്റസ് പോൾ OP**

**ബാച്ച് 2 : ജൂൺ 12 – 17 റവ. ഫാ. അനിൽദേവ് IMS**

**ബാച്ച് 3 : ജൂൺ 19 – 24 റവ. ഫാ. ഡാനി OFM. Cap.**

**ബാച്ച് 4 : ജൂൺ 26 – ജൂലൈ 01 റവ. ഫാ. ഹെൻറി SJ**

### 2) പ്രീസ്റ്റ്സ് ഹോം, എടക്കുന്ന്.

**ബാച്ച് 5 : സെപ്റ്റം. 11 – 16 റവ. ഫാ. ജസ്റ്റസ് പോൾ OP**

2. **കൊണ്ടുവരേണ്ടവ:**

- കുർബാനക്കണക്ക്, കുമ്പസാരപത്തേന്തി,
- കാനോന നമസ്കാരപുസ്തകം (മൂന്നാം ഭാഗം),
- Binated and Trinated കുർബാനകളുടെ കണക്ക്.

3. ധ്യാനം സംബന്ധിച്ച് ബഹു. വൈദികർ ഓരോരുത്തരും ചൊല്ലേണ്ട കുർബാനകൾ:
**പരേതരായ നമ്മുടെ വന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി: 1**
**ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ: 5**
**വൈദികക്ഷേമനിധി (PWF) യിലേക്ക്: 12**
**പൊതുധ്യാനത്തിൽ സംബന്ധിക്കുന്നവർ ഭക്ഷണ ചെലവിനായി : 5**

അതിരൂപതാ വൈദികരിൽ പൊതു ധ്യാനത്തിൽ സംബന്ധിക്കുന്നവർ 23 കുർബാനകളും, തനിച്ചു ധ്യാനിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളവർ 18 കുർബാനകളും **ഡിസംബർ 31–ാം** തീയതിക്കകം ചൊല്ലിത്തീർത്ത് വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം (*അതിരൂപത നിയമസംഹിത 2009,* പേജ് 44).

4. തനിച്ചു ധ്യാനിക്കുന്നവർ **ഡിസംബർ 31**-നു മുമ്പ് ധ്യാനം നടത്തി വിവരം കച്ചേരിയിൽ അറിയിക്കണം. അതോടുകൂടി കുർബാനക്കണക്ക് ഏല്പിക്കുകയും കുമ്പസാരാനുവാദം പുതുക്കുകയും ചെയ്യണം.

5. നിശ്ചയിച്ചിരിക്കുന്ന ബാച്ച് മാറി ധ്യാനത്തിൽ സംബന്ധിക്കണമെന്ന് ആഗ്രഹിക്കുന്ന വൈദികർ ആ വിവരം നിവേദിത ഡയറക്ടറെ മുൻകൂട്ടി അറിയിക്കണം.

## സന്ന്യസ്ത വൈദികർ

അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്യസ്ത വൈദികരും അതിരൂപത നടത്തുന്ന പൊതുധ്യാനത്തിൽ സംബന്ധിക്കണമെന്നതാണ് അതിരൂപതയുടെ താല്പര്യം. ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏതു ബാച്ചിലാണ് ഉൾപ്പെടുത്തേണ്ടതെന്ന വിവരം മുൻകൂട്ടി നിവേദിത ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ഫാ. വർഗ്ഗീസ് പുളിക്കൽ, നിവേദിത, ചുണങ്ങംവേലി.

**ഫോൺ: 0484 – 2837375, 2837870**

**മൊബൈൽ: 9387074646**

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

## Batch - 1

**(June 05 - 10) Fr. Justus Paul O.P.**

1. Ainiyadan Sebastian
2. Alukkal James
3. Alukkal Varghese
4. Ambalathingal Varghese
5. Arickal Francis
6. Athappilly Paul
7. Avallil Xavier
8. Bharanikulangara Paul (Jino)
9. Chakiath Joseph
10. Channappallil Sebastian
11. Cheerakathil John (Rijo)
12. Cheraparambil Varghese Paul
13. Cherikathadam Jacob
14. Cherpanath Shanly
15. Chillackal Thomas
16. Chittilappilly Joseph (Melvin)
17. Chully Paul
18. Edassery Varghese (Baiju) (Jr.)
19. Eravimangalam Antony (Sunny)
20. Kachappilly Jacob (Vince)
21. Kaiprampatt Joseph (Jomon)
22. Kalappurackal Kuriakose
23. Kallookaran Paul
24. Kanamkudam Geroge
25. Kandathil Thomas (Tomy)
26. Kanjirakattukari Paul
27. Kannatt Thomas
28. Karachira Jose
29. Karachira Paul
30. Karedan Paul
31. Kariyil Thomas
32. Karthanam Mathew (Jimmichan)
33. Kattakayam Kurian
34. Kattayil Mathew (Denny)
35. Kavalakkatt Paul
36. Kelamparambil Job
37. Kizhavana Jacson
38. Koilparambil George
39. Kolenchery Paul
40. Kollamkudy Rocky
41. Konattukuzhy Mathew
42. Koottunkal Job
43. Koottunkal Sebastian
44. Koovely Johnson
45. Koren Kuriakose (Saju)
46. Kottakkal Antony (Tony)
47. Kottakkal Joseph
48. Kozhikkadan Joseph
49. Kozhuvallil Varkey (Sanju)
50. Kunnathoor James (Jimmy)
51. Kunnekkadan Paul (Stenny)
52. Madassery Sebastian
53. Malpan Rocky (Suresh)
54. Manavalan Paul
55. Mynattiparambil Varghese (Rijo)
56. Padannakkal Davis (Ajil)
57. Painumkal Mathew
58. Palathingal Jose
59. Parappuram Joseph
60. Paravara Antony
61. Parecattil Thomas
62. Payyappilly George
63. Pereppadan Paulson
64. Perumayan Thomas (Joy)
65. Pollayil Jose
66. Poochakat Thomas (Jimmy)
67. Pottackal Varghese (Joshy)
68. Puduchery Thomas (P)
69. Puthenparambil George (Siby)
70. Puthussery Thomas (K)
71. Thachil Joseph (Jr.)
72. Thachil Mathew
73. Thengathara Kuriakose
74. Thiruthanathil Peter
75. Thottupuram John
76. Valookkaran Thomas

## Batch - 2

**(June 12 - 17) Fr. Anil Dev**

1. Ainiyadan John
2. Arackal Varghese
3. Athappilly George
4. Bharanikulangara Augustine
5. Chakiath Elias (Biju)
6. Chempothanayil Paul
7. Chenginiyadan Varghese (Jijo)
8. Cheruvallil Kuriakose
9. Chirackal Joseph (Joshy)
10. Chiramel Jose
11. Chulliyil Ignatius
12. Elavumkudy Johnson
13. Eravimangalam Kuriakose (Jimmy)
14. Kachappilly Dominic
15. Kachappilly Paul
16. Kadalikkattil Paul (Disto)
17. Kaiprampatt Sebastian
18. Kaithakottil Joyce
19. Kakkat John
20. Kakkattuchira Thomas (Jimmy)
21. Kalapparambath Thomas (Joshy)
22. Kalappurackal George (Sunny)
23. Kalappurackal Sebastian
24. Kallarackal Joseph (Joy)
25. Kallungal Sebastian (Sen)
26. Kannampuzha Joy
27. Kannampuzha Peter
28. Karathuruthil Paul
29. Karumathy Joseph
30. Kattakkakathoot Paul
31. Kattezhath Alex
32. Kodackal Berchmans
33. Kodiyan Joseph
34. Kottakkal Paul (Jr.)
35. Kuncharath Joseph
36. Kunnathoor Lukose
37. Kurisunkal Kurian
38. Makkothakkatt Jose
39. Mampilly Varghese (Sabu)
40. Manavalan Paul (K)
41. Manickathan Xavier (Dino)
42. Manikathan George
43. Manjaly Jacob
44. Mazhuvanchery Thomas
45. Moonjely Augustine (Anu)
46. Moonjely Joseph (Shanu)
47. Moonjely Varghese (Sr.)
48. Moothedan Antony (Ajo)
49. Nellissery Sebastian
50. Nereveettil George
51. Oliapurath Jose
52. Painumkal Jose
53. Painumkal Varghese
54. Palatty Sebastian
55. Parappuram Francis
56. Parappuram Jose
57. Parevely Antony
58. Payyappilly Thomas
59. Perepadan Thomas
60. Plackal Joy
61. Ponthempilly Varghese (Baiju)
62. Poochakat Abraham
63. Punnakkal George (Baby)
64. Puthiyedath Jose
65. Puthussery Jose (P)
66. Puthussery Joseph (Sanu)
67. Puthuva John
68. Pynadath Thomas
69. Sankoorikal Joseph (Jomon)
70. Thalian Sebastian
71. Theckanath John
72. Thekken John
73. Thekkinen Joseph
74. Thelakkat Xavier (Sr.)
75. Thenayan Paul
76. Thengathara Jose
77. Thottakkara Hormis
78. Thottungal Sebastian
79. Thuruthikkara James

80. Uthuppan Antony (Shinu)
81. Vadakkumpadan Sebastian Msgr.
82. Vaikathuparambil Thomas
83. Vailikodath Jose
84. Vallayil Jose
85. Vattathara John
86. Vattoly Joseph
87. Vazhakala Antony
88. Vezhaparambil Joshy
89. Vithayathil George

## Batch - 3

**(June 19 - 24) Fr. Daney OFM Cap.**

1. Bharanikulangara Kurian
2. Cherupilly Paul (Shaju)
3. Chittinappilly Paul
4. Cholikara Jose
5. Edassery Mathew
6. Kachappilly George
7. Kadappallil James (Anoop)
8. Kalapparambath Varghese
9. Kalathil Joseph (Babu)
10. Kallely Augustine
11. Kallookaran Antony (Tony)
12. Kandathil Joseph (Biju)
13. Kannampuzha Joseph (Reju)
14. Kidangan Kuriakose (Subin)
15. Kidangen Abraham
16. Kiliyelikkudy Paulose (Anil)
17. Kilukkan Chacko (Nidhin)
18. Koikkara Peter (Shabu)
19. Konuparamban Sebastian
20. Kozhikkadan Varghese
21. Kozhuvallil Jacob
22. Madassery Paul (Jr.)
23. Madavana Davis
24. Maipan Jose
25. Manavalan Mathew
26. Manavalan Varghese
27. Manayampilly Paul
28. Mandanath Jose
29. Mangalassery Thomas
30. Mangatt Thomas (Binu)
31. Manikathan Devassy
32. Manikathan Sebastian
33. Mankuriyil Antony
34. Mazhuvanchery Antony
35. Mullanchira Tom
36. Mundadan Tharian
37. Mynatty Hormis
38. Nalpat Jose
39. Nariculam Antony
40. Nariculam Thomas
41. Nazhiyampara Sebastian
42. Nellissery George
43. Njanakkal Augustine (Nideesh)
44. Oliapurath Abraham (Jijiachan)
45. Ozhalakat Jose
46. Padayattil Paul (Sr.)
47. Painumkal Issac Damian
48. Palatty Joseph (Jr.) (Bijoy)
49. Palatty Varghese (Sr.)
50. Pallickal Jacob
51. Pallipatt Joseph (Jinu)
52. Parambathara Vincent
53. Paranilam Zacharias
54. Parecattil Benny
55. Payyappilly Ignatius
56. Pottoly Sebastian
57. Punchapudussery Basil
58. Punnakkal Varghese
59. Punnassery Antony Msgr.
60. Puthenpura George
61. Puthenpurackal Varghese (Sherin)
62. Puthenpurakal Shajan
63. Puthiaparambil Antony
64. Puthussery Jacob
65. Puthussery Joseph (M)
66. Puthuva Joshy (Antony)
67. Pynadath Sebastian

68. Thamaravely Joseph
69. Theckanath Sebastian
70. Thelakkat Jose
71. Thelakkat Paul
72. Thottungal Jetto
73. Urakkadan Sebastian
74. Vadakkumchery Johnson
75. Vadakkumchery Joseph (Baiju) (Jr.)
76. Valavi Joseph

## Batch - 4

**(June 26 - Jul 01) Fr. Hendry S.J.**

1. Ambooken Paul (Jeny)
2. Chakian Paul
3. Chathely Jose
4. Edassery Martin (Sminto)
5. Edassery Varghese (Sr.)
6. Kaiprampadan Paul (Justin)
7. Kaiprampadan Paul (Sr.)
8. Kallarackal Sebastian (Jijo)
9. Kallookaran Thomas
10. Kaniamparambil Joseph
11. Kannampilly Varghese (Baiju)
12. Kannampuzha Varghese (Santo)
13. Kannattu John (Jibin)
14. Kattakkakathoot Varghese
15. Katteth George
16. Kavalipadan Francis
17. Kilukkan Mathew (Manjul)
18. Kiriyanthan Joseph (Sijo)
19. Koluthuvally Raphael (Jaison)
20. Koroth Jacob
21. Kumpail Vakkachan (Varghese)
22. Kureeckal Joseph
23. Kurisingal Francis (Nibin)
24. Madan Jose
25. Madan Paul
26. Madavanakad Joseph (Jomon)
27. Maippan Thomas (Ancil)
28. Manavalan Praveen
29. Mangalath Mathew
30. Manikath Varghese
31. Maniparambil Nichlavos
32. Marottikkal Kuruvila
33. Marottikudy Jacob
34. Melappilly Joseph (Marshel)
35. Moonjely Varghese (Lenin) (Jr.)
36. Mundadan Kuriakose
37. Nangelimalil Rojan
38. Nangelimalil Thomas
39. Nellikunnath Zacharias
40. Nereveettil Cheriyan
41. Njaliath Tharian
42. Odanat Joseph
43. Padayattil George (Varkey)
44. Painumkal John
45. Palatty Joseph (Sr.)
46. Palatty Varghese (Jr.)
47. Palatty Varghese (V)
48. Pallupetta Simon
49. Parackal Antony (Subin)
50. Parecattil Joseph
51. Perepadan James
52. Perumayan Mathew
53. Perumayan Varghese (Biju)
54. Pollachira John
55. Poothavelil Antony
56. Punnackal Paul (Pinto)
57. Puthenmanayil Kuriakose
58. Puthussery Joseph (K)
59. Thachil Francis
60. Tharayil Thomas
61. Thottakkara Jose
62. Thottiyil James
63. Uppani Jose
64. Vallooran Johnson
65. Vattaparambil Antony (Sinoy)
66. Vazhaparambil Philip

67. Vazhappilly Sebastian
68. Vithayathil Thomas

## Batch - 5 (Edakkunnu)

(Sept. 11-16) Fr. Justus Paul O.P.

1. Attummel Michael
2. Chakiath Kuriakose (Joy)
3. Chalissery Anto
4. Chirapanath Antony
5. Edassery Joseph (Ebey)
6. Elamkuttichira Antony (Joy)
7. Elavumkudy Antony
8. Kaithottungal Paul (Paulachan)
9. Kandathil Stephen
10. Kannaparamban Joseph (Saji)
11. Kareethara Xavier
12. Kavalipadan Joseph
13. Kilielkudy Anil (Paul)
14. Kodiyan Thomas
15. Koilparambil Joseph
16. Kolenchery Joy
17. Koluthuvally Joseph
18. Madathumpady Antony
19. Maliekal Thomas
20. Maramparambil Joseph (Benny)
21. Marottikudy Hormis (Shaju)
22. Meledath Paul (Jaison)
23. Moonjely George
24. Muttomthotty Mathew
25. Nangelimalil Joseph
26. Nellissery Jose Paul
27. Padayattil Augustine
28. Palackappilly Jacob
29. Pallippadan Joseph
30. Pallipparambil James
31. Payyappilly Paul (A)
32. Plackal Joseph (Biju)
33. Poonoly Sebastian (Bineesh)
34. Pulickal Varghese
35. Pulickalan George
36. Punchapudussery Joseph
37. Puthenkudy Joseph
38. Sankoorikal Sebastian
39. Thachil Jose (N)
40. Thachil Joseph (Sr.)
41. Thaliath Jose Paul
42. Thekkanath Paul (Biju)
43. Thenayan Augustine
44. Thottappilly Sebastian
45. Thottiyil Varghese (Lal)
46. Urakkadan Antony
47. Vadakkumpadan Joseph
48. Valiaveettil Varghese (Arun)
49. Valookkaran Mathew
50. Vattoly Augustine
51. Vithayathil Jacob

## Private Retreat

1. Adayanthrath Martin
2. Ainiyadan Joy
3. Alukkal Thomas
4. Bharanikulangara Jose
5. Chakian Joseph (Joy)
6. Chanikuzhy Jacob
7. Cheramthuruthy Anto
8. Chirackal Manavalan Thomas
9. Chozhithara John (Ulahannan)
10. Edappulavan Kuriakose (Jipson)
11. Edassery Jose
12. Eraly Mathew
13. Gnalian Jacob
14. Inchakkal Celestine
15. Kalappurackal Jose Seejo
16. Kalathiparambil Kuriakose (Juby)
17. Kallungal Martin
18. Kanjirakattukari Peter (Saneesh)
19. Kanjirathinkal Sebastian (Sebin)
20. Kannambilly Thomas (Salvin)
21. Kareemadom Alex
22. Karukanthara Thomas (Julius)
23. Kattuparambil Antony (Linto)

24. Kavalakkatt Antony
25. Kidangen Xavier
26. Kilukkan Thomas (Binto)
27. Kiriyanthan Joe Paul
28. Kizhakkettam Sebastian
29. Kodiyan Paul Raj
30. Kolenchery Francis
31. Kottakkal Paul (Sr.)
32. Kottakkal Tom
33. Madassery Paul (Sr.)
34. Mampilly Kuriakose
35. Manavalan Joseph
36. Manjaly Sebastian (Sony)
37. Mankuzhikary George
38. Moonjely Paul
39. Morely Paul
40. Mulavarickal Antony (Binoj)
41. Mundadan Jose
42. Nangelimalil Antony
43. Njaliath Paul (Jery)
44. Njaliath Varghese Msgr.
45. Padayattil Paul (Jr.) (Joby)
46. Padayattil Peter (Sajo)
47. Padickaparambil Varghese (Savy)
48. Palathinkal Martin (Jerin)
49. Palatty Stephen (Benny)
50. Paliekkara Joseph (Jomon)
51. Parecattil Paul (Shiju)
52. Paryathara Jose
53. Pathadan Joseph (Bibin)
54. Perumayan Antony Msgr
55. Poothavelithara Varghese
56. Punnakkal Sebastian (Rajan)
57. Puthussery Augustine (Justin)
58. Puthussery Jacob (Joyson) (Jr.)
59. Puthussery Joseph (Joshy)
60. Puthussery Sebastian (Sajo)
61. Sankoorikal Martin
62. Thachara John (Johnsty)
63. Thaiparambil Varghese (Assin)
64. Thaliath Joseph
65. Thaliyath Antony (Lijo)
66. Thekkinezhath Varghese (Renson)
67. Thekkumthala Joseph
68. Thelakkat Xavier (Jr.)
69. Thottankara Jophy (Jobin)
70. Thuruthikkara Gregorious (Jiju)
71. Vadakkumpadan Sebastian (Jr.1)
72. Vadakkumpadan Sebastian (Jr.2)
73. Vanissery Mathew
74. Veliyil Antony (Riju)
75. Vellarackal Paul
76. Vembulliyath Martin (Binu)

* * * * *

# അതിരൂപതാ വൈദിക സമിതിയുടെ

## 158-ാമത് യോഗ റിപ്പോർട്ട്

വൈദിക സമിതിയുടെ 158-ാം യോഗം 2015 ഡിസംബർ 16-ന് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി.

വൈദികരുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി ഒരു കമ്മറ്റിയെ നിശ്ചയിക്കുന്നതിനെക്കുറിച്ച് ഫാ. ബിജു പെരുമായൻ വൈദിക സമിതിയിൽ സംസാരിച്ചു. ഇത്തരം കമ്മിറ്റിയെ നിയമിക്കുമ്പോൾ അതിനുണ്ടായിരിക്കേണ്ട പൊതുനിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ വാർഷിക റിപ്പോർട്ടും കണക്കുകളും ഉൾപ്പെടുത്തി പ്രസിദ്ധികരിച്ച പാരീഷ് ഇൻഫൊയെക്കുറിച്ച് ഫാ. ജോസ് നാലപ്പാട്ട് വിലയിരുത്തി. ഡിപ്പാർട്ടുമെന്റുകളുടെ കണക്കുകൾ ഫിനാൻസ് ഓഫിസിൽ കാണിച്ചതിനു ശേഷം മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളുവെന്ന് ബ. ജോസ് മണ്ടാനത്തച്ചൻ പറഞ്ഞു. അതിരൂപതയിലെ തീർത്ഥാടന കേന്ദ്രങ്ങളെക്കുറിച്ച് ചാൻസലർ ഫാ. ജോസ് പൊള്ളയിൽ സംസാരിച്ചു. അതിരൂപതയിൽ കരുണയുടെ വർഷത്തിലെ തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്ന പള്ളികളെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. ഇതിനകം തീർത്ഥാടന കേന്ദ്രങ്ങായി ഡിക്രിയുള്ള പള്ളികൾക്കൊഴികെ മറ്റു തീർത്ഥാടന കേന്ദ്രങ്ങൾക്ക് ഡിക്രി കൊടുക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. അതതു രൂപതയ്ക്ക് അത്തരം ഡിക്രികൾ കൊടുക്കാൻ മാർപാപ്പ അധികാരം കൊടുത്തിട്ടുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പള്ളിപ്പുറം പള്ളിയുടെ ചരിത്രപ്രധാന്യവും വി. ചാവറ പിതാവുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ പള്ളിപ്പുറം പള്ളിയെ ഒരു തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിനെ സംബന്ധിച്ച് പിതാവ് പറഞ്ഞു. അങ്കമാലി കിഴക്കേ പള്ളിക്ക് ഒരു പ്രത്യേക സ്റ്റാറ്റസ് നൽകുന്ന കാര്യം സാവാധനം തീരുമാനിക്കാമെന്നും പിതാവ് സൂചിപ്പിച്ചു.

സന്ന്യാസഭവനങ്ങളിലെ ഞായറാഴ്ച കുർബാനകളിൽ ഇടവക ജനങ്ങൾ പങ്കെടുക്കുന്നത് ഇടവകയുമായുള്ള ബന്ധം കുറയാൻ കാരണമാകുന്നുവെന്ന് കർദ്ദിനാൾ സൂചന നല്കി. ഞായറാഴ്ചകളിൽ ഇടവക പള്ളിയിലെ കുർബാനയിൽത്തന്നെ ഇടവക ജനങ്ങൾ പങ്കുകൊള്ളുന്നതിനെ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. ഇത്തരം അജപാലന കാര്യങ്ങളെക്കുറിച്ച് ഇടവകയിലെ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ഞാറയ്ക്കൽ ഇടവകയെക്കുറിച്ചുള്ള റിപ്പോർട്ടിൽ ഇപ്പോഴത്തെ നിലപാടുകൾ, ശാശ്വത പരിഹാരത്തിനു വേണ്ടിയുള്ള അന്വേഷണം എന്നിവയെക്കുറിച്ച് ഞാറയ്ക്കൽ വികാരി ഫാ. ആന്റണി പുതിയാപറമ്പിൽ വിശദീകരിച്ചു.

കുടുംബ അജപാലന ശുശ്രൂഷയെ ശക്തിപ്പെടുത്തുന്ന ചില പദ്ധതികൾ അതിരൂപതാ തലത്തിൽ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് 'സീറോ അവറി'ൽ ഫാ. അഗസ്റ്റിൻ കല്ലേലി പറഞ്ഞു. അതിരൂപതയിൽ കുടുംബ അജപാലന രംഗം കുറേക്കൂടി ശക്തിപ്പെടണമെന്നും നിർദ്ദേശിച്ചു. അടിസ്ഥാനപരമായി കുടുംബങ്ങളുടെ അജപാലന ശുശ്രൂഷയുടെ പ്രസക്തി വളരെ കൂടുതലാണെന്ന് കർദ്ദിനാൾ വ്യക്തമാക്കി. അതിനു ഫാമിലി അപ്പസ്തോലേറ്റും ഫാമിലി യൂണിറ്റ് കേന്ദ്രവും സംയുക്തമായി പരിപാടികൾ ചിന്തിക്കുകയും ആസൂത്രണം ചെയ്യുകയും വേണമെന്നും അഭിപ്രായമുണ്ടായി. പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

**സെക്രട്ടറി**
**ഫാ. കുര്യാക്കോസ് മുണ്ടാടൻ**

## പ്രധാന പരിപാടികൾ

### Niveditha Program – 2016 May to October

1. K.C.B.C. വിദ്യാഭ്യാസ കമ്മീഷൻ പരിശീലനം: മെയ് 02 – 06, 2016
2. യുവജന സെമിനാർ : മെയ് 14 – 15, 2 016
3. യുവജന ധ്യാനം : മെയ് 23 – 26, 2 016
4. വൈദികരുടെ വാർഷികധ്യാനം (4 ബാച്ച്) : ജൂൺ 05 – ജൂലൈ 01
5. ജൂനിയേഴ്സ് തിയോളജി കോഴ്സ് : ജൂലൈ 07 – മാർച്ച് 31, 2017
6. സുപ്പിരിയേഴ്സ് മീറ്റ് : ജൂലൈ 09, 2016, 9.00 am - 4.00 pm
7. പോസ്റ്റുലൻസ് കോഴ്സ് : ആഗസ്റ്റ് 01 – ഒക്ടോ. 31, 2016
8. Candidates' Retreat : Oct. 07 - 12, 2016

2016 ഒക്ടോബർ 07 വൈകീട്ട് 06.00 മുതൽ 12 രാവിലെ 09.00 വരെ അർത്ഥിനികൾക്കായി (ആസ്പരൻസ്, പോസ്റ്റുലൻസ്, നോവിസസ്) നിവേദിതയിൽ ധ്യാനം നടത്തുന്നു. ധ്യാനം നയിക്കുന്നത്. ബഹുമാന പ്പെട്ട ജോസഫ് താമരവെളി അച്ചനാണ്.

**NB** : **പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന ഫോൺ നമ്പറുകളിൽ വിളിച്ച് പേര് ഒക്ടോബർ 1–നു മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.**

ഫോൺ: 0484–2837375, 9387074646, 9847558054

ഇ–മെയിൽ: nivedithaekm@gmail.com

ഡയറക്ടർ

# വാർത്തകളും വിശേഷങ്ങളും

## "നാമെല്ലാവരും കരുണയുടെ അപ്പസ്തോലരാകാൻ വിളിക്കപ്പെട്ടവർ": ഫ്രാൻസിസ് മാർപാപ്പ

സുവിശേഷം ദൈവത്തിന്റെ കരുണ വെളിപ്പെടുത്തുന്ന പുസ്തകമാണ്. ആയതിനാൽ, അത് വീണ്ടും വീണ്ടും വായിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും പിതാവായ ദൈവത്തിന്റെ കരുണയുടെ മഹത്തായ പ്രകടനമായിരുന്നു. അതുകൊണ്ടുതന്നെ, നാം ഇന്ന് സുവിശേഷത്തിന്റെ ജീവിക്കുന്ന എഴുത്തുകാരായ് മാറണം; കരുണയുടെ അപ്പസ്തോലന്മാരായി തീരണം. നമ്മുടെ സമൂഹത്തിൽ വേദന അനുഭവിക്കുന്ന സഹോദരീസഹോദരന്മാരെ ആശ്വസിപ്പിച്ചുകൊണ്ടും, അവരുടെ മുറിവുകൾ വച്ചുകെട്ടികൊണ്ടുമാണ് കാരുണ്യപ്രവൃത്തികൾ വഴി നാം കരുണയുടെ അപ്പസ്തോലന്മാരായി മാറേണ്ടത്. ദൈവത്തിന്റെ സാന്ത്വനവും, ആശ്വാസവും നമ്മുടെ പ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് അനുഭവവേദ്യമാകണം. 2016 ഏപ്രിൽ 3-ാം തീയതി ദൈവകരുണയുടെ തിരുനാളിൽ നൽകിയ സന്ദേശത്തിലാണ് മാർപാപ്പ ഇക്കാര്യം വ്യക്തമാക്കിയത്.

## "അമോറിസ് ലെത്തീസിയ" (സ്നേഹത്തിന്റെ സന്തോഷം) ഫ്രാൻസീസ് മാർപാപ്പയുടെ പുതിയ അപ്പസ്തോലിക പ്രബോധനം

കുടുംബത്തെ സംബന്ധിച്ച് വത്തിക്കാനിൽ നടത്തപ്പെട്ട അസാധാരണ/സാധാരണ സിനഡുകളെ ആധാരമാക്കി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമാണ് "സ്നേഹത്തിന്റെ സന്തോഷം." കെട്ടുറപ്പുള്ള കുടുംബം ആരോഗ്യമുള്ള സമൂഹത്തിന്റെ അടിസ്ഥാനമെന്നും, ഇവിടെയാണ് കുട്ടികൾ മറ്റുള്ളവരെ സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും, അവരോട് മാന്യമായ് ഇടപെടുവാനും പഠിക്കുന്നത് എന്ന് ഈ പ്രബോധനത്തിൽ മാർപാപ്പ വ്യക്തമാക്കുന്നു. "കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ സന്തോഷം, സഭയുടേയും സന്തോഷം തന്നെയാണ്" എന്ന് പ്രസ്താവിച്ചുകൊണ്ടാണ് ഈ പ്രബോധനം ആരംഭിക്കുന്നത്. കരുണയുടെ വർഷത്തിൽതന്നെ ഈ അപ്പസ്തോലിക പ്രബോധനം പ്രസി

ഢീകരിക്കുന്നത് വളരെ പ്രസക്തമാണ്. കാരണം, ഈ പ്രബോധനം എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കും വിവാഹത്തിന്റേയും, കുടുംബത്തിന്റേയും മൂല്യത്തെ മനസ്സിലാക്കുവാനും, ഔദാര്യതയിലും വിശ്വസ്തതയിലും ക്ഷമയിലും ശക്തമാക്കപ്പെട്ട സ്നേഹം എന്നും കാത്തുസൂക്ഷിക്കുവാനുള്ള ക്ഷണമാണ്. മറ്റൊന്ന്, സമാധാനവും, സ്നേഹവും, നഷ്ടപ്പെട്ട് അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളിൽ കരുണയുടെ സാക്ഷ്യവും, സാമീപ്യവുമാകുവാൻ ഇത് എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നു.



# നിര്യാതരായി



## ഫാ. ജോർജ് തോട്ടങ്കര

ജനനം 17-06-1943
തിരുപ്പട്ടം 18-12-1969
മരണം 16-04-2016

1943 ജൂൺ 17-ാം തീയതി കൂടാലപ്പാട് തോട്ടങ്കര പരേതരായ റാഫേൽ-അന്നം ദമ്പതികളുടെ ഒമ്പത് മക്കളിൽ മൂന്നാമനായി ബഹു. ജോർജ് തോട്ടങ്കരയച്ചൻ ജനിച്ചു. ദൈവവിളികളാൽ സമ്പന്നമായ ഈ കുടുംബത്തിൽനിന്ന് മൂന്നു പേർ സഭാ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടു. പരേതനായ ഫാ. സേവ്യർ തോട്ടങ്കര സി.എം. കോൺഗ്രിഗേഷൻ അംഗമായിരുന്നു. സഹോദരി സി. മേരി പിയ കൊട്ടിയം ഹോളിക്രോസ്സ് സന്യാസിനി സഭാംഗമായി ശുശ്രൂഷ ചെയ്യുന്നു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന ജോർജച്ചൻ, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, മംഗലപ്പുഴ മേജർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1969 ഡിസംബർ 18-ാം തീയതി ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സഹവികാരിയായും, തുടർന്ന്, കോടുശ്ശേരി, കടമക്കുടി, എളവൂർ, താബോർ, താന്നിപ്പുഴ,

കൊതവറ, പുത്തൻപള്ളി, മഞ്ഞപ്ര, ആലുവ എന്നീ ഇടവകകളിൽ വികാരിയായും ബഹു. ജോർജച്ചൻ നിസ്തുലമായ സേവനമനുഷ്ഠിച്ചു. 2013 ഫെബ്രുവരി 23 മുതൽ പുല്ലുവഴി സെന്റ് തോമസ് ഇടവകപള്ളി വികാരിയായി സേവനം ചെയ്യുകയായിരുന്ന അച്ചൻ, 2016 ഏപ്രിൽ 16-ാം തീയതി ശനിയാഴ്ച വൈകിട്ട് പാരിഷ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു കൊണ്ടിരിക്കെ ഹൃദയാഘാതം മൂലം വളരെ ആകസ്മികമായി, 73-ാം വയസ്സിൽ, ഈ ലോകത്തോട് യാത്ര പറയുകയായിരുന്നു.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന ജോർജ് അച്ചന്റെ മൃതദേഹം 18-ാം തീയതി രാവിലെ 6.30-ന് 10 വർഷക്കാലം അച്ചൻ വികാരിയായി സേവനം അനുഷ്ഠിക്കുകയും പ്രസ്തുത കാലഘട്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ പണികഴിപ്പിക്കപ്പെട്ട താന്നിപ്പുഴ പള്ളിയിലേക്ക് കൊണ്ടുപോയി. ഇടവക ജനങ്ങളും, നിരവധി വൈദികരും സിസ്റ്റേഴ്സും, അല്മായ സഹോദരങ്ങളും അച്ചന് ആദരാഞ്ജലികളർപ്പിക്കുവാൻ അവിടെ എത്തിയിരുന്നു. 8.30-ന് ജോർജച്ചന്റെ മൃതദേഹം പുല്ലുവഴി സെന്റ് തോമസ് പള്ളിയിലേക്കു കൊണ്ടുവന്നു. ഇവിടെ വികാരിയായി സേവനം ചെയ്തുകൊണ്ടിരിക്കെയാണ് അച്ചന്റെ വിയോഗം സംഭവിച്ചത്. അച്ചന്റെ ആത്മശാന്തിക്കായി ഈ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും 10.30 വരെ പൊതുദർശനത്തിനു വയ്ക്കുകയും ചെയ്തു. തങ്ങളുടെ പ്രിയ വികാരിയച്ചന് ആദരാഞ്ജലികൾ അർപ്പിക്കാൻ ഇടവകാംഗങ്ങൾ എല്ലാവരുംതന്നെ പള്ളിയിൽ ഉണ്ടായിരുന്നു. അയൽ ഇടവകകളിൽനിന്നുള്ള ധാരാളം അല്മായ സഹോദരങ്ങൾ പുല്ലുവഴി പള്ളിയിൽ എത്തിയിരുന്നു. 10.30-ന് അവിടെനിന്നും കൂടാലാപ്പാടുള്ള അച്ചന്റെ തറവാട് വീട്ടിലേക്ക് മൃതദേഹം കൊണ്ടുവന്ന് 1.00 മണിവരെ പൊതുദർശനത്തിന് വച്ചു. തുടർന്ന്, 1.30-ഓടെ അച്ചന്റെ മാതൃഇടവക പള്ളിയായ കൂടാലപ്പാട് സെന്റ് ജോർജ് പള്ളിയിൽ കൊണ്ടുവന്നു. ബ. ജോർജ് അച്ചൻ സേവനം ചെയ്ത വിവിധ ഇടവകകളിൽനിന്നുമുള്ള അനേകം വിശ്വാസികളും, വൈദികരും, സിസ്റ്റേഴ്സും, സമൂഹത്തിന്റെ നാനാതുറകളിൽനിന്നുള്ളവരും കൂടാലപ്പാട് പള്ളിയിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

ബ. ജോർജ് തോട്ടങ്കര അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം വി. കുർബാനയോടുകൂടി വൈകിട്ട് 4.00 മണിക്ക് ആരംഭിച്ചു.

പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവായിരുന്നു മുഖ്യ കാർമ്മികൻ. മാർ തോമസ് ചക്യത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാരും, നിരവധി വൈദികരും സഹകാർമ്മികരായിരുന്നു. വിശുദ്ധഗ്രന്ഥ പാരായണത്തിനുശേഷം ജോർജ് അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത് അച്ചന്റെ കുടുംബത്തിൽപ്പെട്ട ബ. ജോഫി തോട്ടങ്കര അച്ചനാണ്. ജോർജ് അച്ചന്റെ സഹപാഠിയായ ബ. പോൾ കല്ലൂക്കാരൻ അച്ചനാണ് വചന സന്ദേശം നൽകിയത്. ബ. തോട്ടങ്കര അച്ചൻ സേവനമനുഷ്ഠിച്ച ഇടവകകളിൽ രോഗികളോടും സഹായം ആവശ്യമുള്ളവരോടും പ്രത്യേക പരിഗണനയും സ്നേഹവും കാണിക്കുകയും അവരെ ആത്മാർത്ഥമായി സഹായിക്കുകയും മറ്റുള്ളവരെകൊണ്ട് അവരെ സഹായിപ്പിക്കുകയും ചെയ്തിരുന്നു. "ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു" (ഫിലിപ്പിയർ 1, 29). പൗലോസ് ശ്ലീഹായെപ്പോലെ ആത്മാർത്ഥതയും തീക്ഷ്ണതയും നിറഞ്ഞ തന്റെ അജപാലന ശുശ്രൂഷയുടെ അവസാന നിമിഷംവരെ ജോർജ്ജച്ചന് ക്രിസ്തുവിനുവേണ്ടി സഹിക്കാനുള്ള അനുഗ്രഹം ലഭിച്ചുവെന്നും, ആ സഹനങ്ങളെ യേശുവിന്റെ കുരിശിനോട് ചേർത്തു വയ്ക്കുവാൻ ജോർജ്ജച്ചനു സാധിച്ചുവെന്നും ആരുടെയും മുഖം നോക്കാതെ എല്ലാം തുറന്ന് പറയുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബഹു. ജോർജ്ജച്ചന്നെും ചരമ പ്രസംഗത്തിൽ സഹപാഠിയായ ബഹു. പോൾ കല്ലൂക്കാരനച്ചൻ അനുസ്മരിച്ചു. അച്ചനെ അടുത്തറിയുമ്പോൾ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു ഹൃദയത്തിനുടമയാണച്ചൻ എന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും ബ. കല്ലൂക്കാരനച്ചൻ പറയുകയുണ്ടായി.

എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് റോമിൽ ആയിരുന്നതിനാൽ അവിടെ നിന്നും പിതാവ് അയച്ച അനുശോചന സന്ദേശം കുർബാന സ്വീകരണത്തിനുശേഷം അതിരൂപതാ വൈസ് ചാൻസലർ ബ. ജോർജ് കളപ്പുരയ്ക്കലച്ചൻ വായിച്ചു. പ്രസ്തുത സന്ദേശത്തിൽ ബ. ജോർജ് തോട്ടങ്കര അച്ചൻ അതിരൂപതയോട് വളരെയേറെ സ്നേഹമുള്ള നല്ല ഒരു അജപാലകനായിരുന്നുവെന്ന് പിതാവ് അനുസ്മരിച്ചു. ഈശോയുടെ തിരുഹൃദയത്തോടുള്ള ആഴമായ ഭക്തി അച്ചന്റെ ആദ്ധ്യാത്മികതയുടെ ഭാവമായിരുന്നുവെന്നും പിതാവ് സൂചിപ്പിക്കുകയുണ്ടായി.

നിരവധി വൈദികരും, സന്ന്യസ്തരും, വിവിധ ഇടവകകളിൽനിന്ന്, പ്രത്യേകിച്ച് ജോർജ് അച്ചൻ ശുശ്രൂഷ ചെയ്തിട്ടുള്ള ഇടവകകളിൽ നിന്നുള്ള വിശ്വാസികളും, വി. കുർബാനയിലും, മൃതസംസ്കാര ശുശ്രൂഷയിലും പങ്കുചേർന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവാണ് മൃതസംസ്കാര ശുശ്രൂഷയുടെ സമാപന ഭാഗങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചത്.

എറണാകുളം-അങ്കമാലി അതിരൂപതയിലെ 11 പള്ളികളിൽ സ്തുത്യർഹമായ സേവനം ചെയ്തശേഷമാണ് ബഹു. ജോർജ് തോട്ടങ്കര അച്ചൻ കാലയവനികയ്ക്കുള്ളിൽ മറയുന്നത്. കർമ്മയോഗിയായ ഈ വൈദികൻ തന്റെ പ്രവർത്തന രംഗങ്ങളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അജപാലനരംഗത്ത് കർമ്മനിരതനായിരുന്ന, ആർജ്ജവത്തോടെ പ്രവർത്തിച്ചിരുന്ന, വ്യക്തിജീവിതത്തിൽ അടുക്കും ചിട്ടയും കാത്തുസൂക്ഷിക്കുന്നതിൽ നിഷ്കർഷ പാലിച്ചിരുന്ന ഈ വന്ദ്യ വൈദികനെ, ഇദ്ദേഹം സേവനം ചെയ്തിട്ടുള്ള ഇടവകകളിലെ വിശ്വാസികൾ എന്നും ഹൃദയത്തിൽ സൂക്ഷിക്കും.

മൃതസംസ്കാര ശുശ്രൂഷയുടെ ഹൃദയസ്പർശിയായ ഭാഗമാണ് ശിരസ്സിൽ പുഷ്പകിരീടം അണിയിക്കൽ. പൗരോഹിത്യ ജീവിതം വിശ്വസ്തതാപൂർവ്വം ഓടി പൂർത്തിയാക്കിയ ജോർജ് അച്ചനെ നീതിയുള്ള ന്യായാധിപനായ ദൈവം മഹത്ത്വത്തിന്റെ കിരീടം അണിയിക്കുവാൻ തന്റെ സന്നിധിയിലേയ്ക്ക് വിളിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ നമുക്കായ് മാദ്ധ്യസ്ഥ്യം വഹിക്കുവാൻ ഇനി ബഹുമാനപ്പെട്ട ജോർജ് അച്ചനും ഉണ്ടായിരിക്കും. അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും, നന്മകൾക്കും നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം. സ്വർഗ്ഗീയ സമ്മാനത്തിനായ് ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ബഹു. തോട്ടങ്കരയച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും, ബന്ധുമിത്രാദികളേയും, സുഹൃത്തുക്കളേയും കാരുണ്യവാനായ ദൈവം ആശ്വസിപ്പിക്കട്ടെ. സ്നേഹനിധിയായ ബഹു. ജോർജ് തോട്ടങ്കര അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ബാഷ്പാഞ്ജലികൾ.

■



**സി. ഷന്താൾ F.C.C.**

അസ്സീസി ഭവൻ, എറണാകുളം നോർത്ത്.

ജനനം : 02/05/1935

വ്രതവാഗ്ദാനം : 08/05/1958

മരണം : **27/04/2016**



**സി. ഡയനിഷ്യ C.M.C.**

എസ്. എച്ച്. കോൺവെന്റ്, കറുകുറ്റി.

ജനനം : 10/03/1927

വ്രതവാഗ്ദാനം : 02/02/1952

മരണം : **09/04/2016**



**സി. സോസിമ C.M.C.**

എസ്. എച്ച്. കോൺവെന്റ്, കറുകുറ്റി.

ജനനം : 08/06/1929

വ്രതവാഗ്ദാനം : 04/01/1953

മരണം : **02/04/2016**



**സി. ബർട്ടീലിയ C.M.C.**

എസ്. എച്ച്. കോൺവെന്റ്, കറുകുറ്റി.

ജനനം : 21/03/1944

വ്രതവാഗ്ദാനം : 04/04/1964

മരണം : **31/03/2016**

## മതബോധന ഡിപ്പാർട്ടുമെന്റ്

# "കരുണയായ് സാക്ഷ്യമേകാൻ"

## മതബോധന അദ്ധ്യയന വർഷ ഉദ്ഘാടനവും അവാർഡ് ദാനവും

2016 മെയ് 28-ന് 2.00 മണിക്കുള്ള അവാർഡു ദാനത്തിലേക്കും അദ്ധ്യയനവർഷ ഉത്ഘാടനത്തിലേക്കും എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു. പരീക്ഷകളിൽ ആ സ്ക്കൂളിൽ നിന്നും എ പ്ലസ് (90 ശതമാനത്തിനു മുകളിൽ മാർക്ക്) നേടിയ കുട്ടികളുടെ പേര് പ്രത്യേകം അറിയിച്ചിട്ടുണ്ട് (വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരിക്കുന്നു). 2016 മെയ് 28-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽവച്ച് ഇവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് സമ്മാനാർഹരെയും, രക്ഷകർത്താക്കളെയും, അദ്ധ്യാപകരെയും പ്രത്യേകം ക്ഷണിക്കുന്നു.

## 2016-2017 മതബോധന അദ്ധ്യയന വർഷ പ്രതിനിധി സമ്മേളനം

2016-2017 മതബോധന അദ്ധ്യയന വർഷത്തിന്റെ ഔപചാരിക ഉൽഘാടനവും അവാർഡ് ദാനവും നടക്കുന്ന 2016 മെയ് 28-ന് രാവിലെ 9.30 മണിക്ക് എല്ലാ ഹെഡ്മാസ്റ്റർമാരുടെയും യൂണിറ്റ് സെക്രട്ടറിമാരുടെയും ഫൊറോന കൗൺസിൽ അംഗങ്ങളുടെയും മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. ഈ യോഗത്തിലേക്ക് ബന്ധപ്പെട്ട എല്ലാവരെയും സ്വാഗതം ചെയ്യുന്നു. കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കാനും നിങ്ങളുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും പറയാനുമുള്ള വേദിയായതുകൊണ്ട് എല്ലാവരുടെയും സാന്നിദ്ധ്യം പ്രധാനപ്പെട്ടതാണ്.

## മതാദ്ധ്യാപക പ്രാർത്ഥനാദിനം

നേരത്തെ അറിയിച്ചിരിക്കുന്നതുപോലെ മെയ് 29 ഞായറാഴ്ചയാണല്ലോ മതാദ്ധ്യാപക പ്രാർത്ഥനാ ദിനം. അടുത്തടുത്തുള്ള ഇടവകകൾ ഒരുമിച്ച്

അന്നേദിവസം പ്രാർത്ഥനാ ദിനമായി ആചരിക്കാവുന്നതാണ്. ബ. വികാരിയച്ചന്റെ അഭിപ്രായമറിഞ്ഞതിനുശേഷമാണ് അയൽവക്ക ഇടവകകളുമായി ചേർന്നുള്ള പ്രാർത്ഥനാദിനം സംഘടിപ്പിക്കേണ്ടത്.

## അതിരൂപതാ മെത്രാപ്പോലീത്ത കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ മതബോധന വർഷാരംഭ സന്ദേശം

കരുണയായ് സാക്ഷ്യമേകാൻ എന്ന പ്രമേയവുമായി ബന്ധപ്പെട്ട പിതാവിന്റെ സന്ദേശം കുട്ടികൾക്ക് മതബോധനവർഷാരംഭ ദിനത്തിൽ തന്നെ കേൾക്കുവാനുള്ള സൗകര്യം ബ. വികാരിയച്ചന്മാർ ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കരുണയുടെ വർഷം -2016

കരുണയുടെ വർഷം 'എംബ്ലത്തെക്കുറിച്ചുള്ള' വിശദീകരണവും, നിർദ്ദേശ ങ്ങളും വചനദീപത്തിൽ (2016-2017) കൊടുത്തിട്ടുണ്ട്.

### പുതിയ ഹെഡ്മാസ്റ്റർമാരും സെക്രട്ടറിമാരും ഫൊറോന പ്രമോട്ടർമാരും

ഹെഡ്മാസ്റ്റർമാരുടെയും സെക്രട്ടറിമാരുടെയും കാലാവധി മൂന്നു വർഷവും അത്യാവശ്യമെങ്കിൽ ഇത്തരം രണ്ടു ടേമുകളും (ആറു വർഷം) ആണല്ലോ. പ്രവർത്തന കാലാവധി പൂർത്തിയാകുന്ന ഹെഡ്മാസ്റ്റർമാർക്കും സെക്രട്ടറി മാർക്കും പകരം ആളെ നിശ്ചയിക്കുകയും ആ വിവരം മതബോധനകേന്ദ്ര ത്തിൽ മെയ് 30-നകം അറിയിക്കുകയും ചെയ്യുമല്ലോ. പുതിയ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പേ പുതിയ ആളുകൾ വരുന്നത് വളരെ പ്രായോഗികമാണ്.

## മതാദ്ധ്യാപനത്തിനുള്ള കാലാവധി

മതാദ്ധ്യാപന ശുശ്രൂഷ ഔദ്യോഗികമായി നടത്തുന്നതിനുള്ള പ്രായപരിധി 65 വയസ്സാണല്ലോ. ഇത് കൃത്യമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആർക്കെങ്കിലും ഒരാൾക്കായി നമുക്ക് ഒഴിവ് നൽകാനാവില്ലല്ലോ. എന്നാൽ, 65 വയസ്സു പൂർത്തിയായിട്ടും വളരെ തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യുന്നവർ നമ്മുടെ ഇടവകകളിൽ ഉണ്ട്. അവരെ അദ്ധ്യാപനരംഗത്തു നിന്നും മാറ്റി കുട്ടികളുടെ വിശ്വാസ വളർച്ചക്ക് ആവശ്യമായ മറ്റു മേഖലകൾ ഏല്പിക്കാവുന്നതാണ്.

### ഡോക്യുമെന്ററി മീഡിയ കാറ്റക്കെറ്റിക്കൽ മിനിസ്ട്രിയുടെ പുതിയ സംരംഭം

കരുണയുടെ വർഷത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശ്വാസ പരിശീലന യൂണിറ്റുകളിൽ നമ്മുടെ വിദ്യാർത്ഥികൾ തന്നെ നടത്തുന്ന മികവുറ്റ കാരുണ്യപ്രവൃത്തികളെ കോർത്തിണക്കികൊണ്ട് ഒരു

ഡോക്യുമെന്ററി തയ്യാറാക്കപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട വളരെ കുറച്ച് പ്രവർത്തനങ്ങൾ മാത്രമാണ് ഡോക്യുമെന്ററിയിൽ ഉണ്ടാവുക. കാരുണ്യ പ്രവൃത്തികൾ ചെയ്യാൻ മറ്റുകുട്ടികൾക്കു കൂടി പ്രചോദനമായി മാറുന്നതിനു വേണ്ടിയാണ് ഈ ഉദ്യമം. ജൂലൈ മാസത്തോടുകൂടി ഡോക്യുമെന്ററി യൂണിറ്റുകളിൽ എത്തുന്നതായിരിക്കും. വിശ്വാസ പരിശീലനത്തിനെത്തുന്ന എല്ലാ കുട്ടികൾക്കും ഈ ഡോക്യുമെന്ററി കാണുന്നതിനുള്ള സൗകര്യം എല്ലാ ഇടവകകളിലും ഒരുക്കുമല്ലോ.

## ഫൊറോന കൺവെൻഷനുകൾ – 'ഈണം 2016'

(*EENAM* - Enconter Jesus, to be Enriched by our fellowship, to Nourish our faith And to be a Missionary to our students).

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ "വിശ്വാസത്തിന്റെ വാതിൽ" എന്ന അപ്പസ്തോലിക എഴുത്തിൽ പറയുന്നതിങ്ങനെയാണ്: "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവുമായുള്ള, ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണ്". യേശുവിനെ കണ്ടുമുട്ടിയ (Encounter) വ്യക്തികൾ ഒരുമിച്ചുകൂടുമ്പോൾ ആ കൂട്ടായ്മയിലൂടെ അവരുടെ വിശ്വാസം സമ്പന്നമാകുകയും (Enrich) പരിപോഷിപ്പിക്കപ്പെടുകയും (Nourish) ആ വിശ്വാസം കുട്ടികളിലേക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്ന ദൗത്യത്തിലാണ് (Mission) മതബോധനരംഗത്തുള്ളവർ ഏർപ്പെട്ടിരിക്കുന്നത്. മതാദ്ധ്യാപകരുടെ ജീവിതത്തിന് ക്രിസ്തുവിന്റെ ഈണം ഉണ്ടാകണം, മതബോധനരംഗത്ത് പ്രവർത്തിക്കുന്നവർ പരസ്പരം ഈണത്തിലായിരിക്കണം എന്നതും ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നു.

ഫൊറോന കൺവെൻഷനുകളുടെ തീയതികൾ വചനദീപത്തിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## മതാദ്ധ്യാപക പരിശീലനം – 'തീരം 2016'

(*THEERAM* - Training Hearts to Encounter Jesus to be Enriched by him in order to Realize the values of the kingdom And to be a Missionary to our students)

യേശുവിനെ അനുഭവിക്കാനും കണ്ടുമുട്ടാനും ഹൃദയത്തെ (Heart) പരിശീലിപ്പിക്കുക (Training), യേശുവിനാൽ സമ്പന്നമാകുന്ന ജീവിതം (Enriched), ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള

(Realize) ശ്രമം, കുട്ടികളിലേക്ക് യേശുവിനെയും അവന്റെ മൂല്യങ്ങളെയും പകർന്നുകൊടുക്കാനുള്ള ദൗത്യം (Mission). യേശു പലപ്പോഴും കടൽതീരത്തിരുന്നാണ് പഠിപ്പിച്ചിരുന്നത്. യേശുവിനോടൊപ്പം ഇരിക്കാനുള്ള താൽപര്യം ഉണ്ടാകണം. "അരികുകളിലേക്ക് പോകുക" എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ ആഹ്വാനവും "തീരം" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നു.

മതാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലനം ഈ വർഷവും നടക്കുന്നു. അതിരൂപതയിൽ മതബോധന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാന പരിശീലനം ലഭിച്ചവരാകണം എന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കട്ടെ. ഈ വർഷം നടത്തുന്ന രണ്ടു കോഴ്സുകളിൽ ഒരെണ്ണം റെസിഡന്റ്ഷ്യൽ ആയിരിക്കും. ഈ വർഷം അദ്ധ്യാപനരംഗത്തേക്കു കടന്നുവരുന്നവരും ഒരു ദിവസം കുടുംബത്തിൽ നിന്നും മാറി നിൽക്കുന്നതിന് ബുദ്ധിമുട്ടില്ലാത്തവരുമായ മതാദ്ധ്യാപകർ താമസിച്ചുള്ള കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യം പേരു രജിസ്റ്റർ ചെയ്യുന്ന നൂറുപേർക്കാണ് റെസിഡന്റ്ഷ്യൽ കോഴ്സിൽ സംബന്ധിക്കാൻ അവസരം ലഭിക്കുക.

തീയതികൾ: **ഓഗസ്റ്റ് 14, 15** (റിന്യൂവൽ സെന്റർ, കലൂർ)
**സെപ്റ്റം. 10-11** (റെസിഡന്റ്ഷ്യൽ കോഴ്സ്, നിവേദിത)

## ലോഗോസ് ക്വിസ്

അതിരൂപതാ മതബോധന കേന്ദ്രം നേതൃത്വം കൊടുത്ത് നടത്തിയിരുന്ന ലോഗോസ് ക്വിസ് ഈ വർഷം മുതൽ അതിരൂപതാ കച്ചേരിയുടെ നിർദ്ദേശ പ്രകാരം, അതിരൂപതാ ബൈബിൾ അപ്പോസ്റ്റലെറ്റ് നേതൃത്വം കൊടുത്ത് നടത്തുകയാണ്. ലോഗോസ് ക്വിസിന്റെ നടത്തിപ്പിൽ അതിരൂപത മതബോധന കേന്ദ്രത്തിന് ഇനി മുതൽ ഉത്തരവാദിത്വമുണ്ടായിരിക്കുകയില്ല. ഇടവകതലങ്ങളിൽ വേണ്ട സഹായ സഹകരണങ്ങൾ മതബോധന അദ്ധ്യാപകർ തുടർന്നും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ബൈബിൾ അപ്പോസ്റ്റലേറ്റിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

# മറ്റു പ്രധാന പരിപാടികൾ

**മെയ് 2016**

11 ബുധൻ : ഡിപ്ലോമ റസിഡന്റ്ഷ്യൽ കോഴ്സ്- റിന്യൂവൽ സെന്റർ, കലൂർ.

12 വ്യാഴം : ഡിപ്ലോമ റസിഡന്റ്ഷ്യൽ കോഴ്സ്- റിന്യൂവൽ സെന്റർ, കലൂർ.

20 വെള്ളി : Std XI പുനഃപരീക്ഷ 10.00 am മുതൽ 12.00 noon വരെ. Std XII പുനഃപരീക്ഷ 2.00 pm മുതൽ 4.00 pm വരെ റിന്യൂവൽ സെന്റർ, കലൂർ.

22 ഞായർ : കൗൺസലിംഗ് കോഴ്സ് പൂർത്തിയാക്കിയവരുടെ സംഗമം 10.30 am മുതൽ 5.00 pm വരെ റിന്യൂവൽ സെന്റർ, കലൂർ.

28 ശനി : സൺഡേ സ്കൂൾ പ്രധാന അധ്യാപകരുടേയും സെക്രട്ടറിമാരുടെയും യോഗം 9.30 am മുതൽ 12.30 pm.

അദ്ധ്യയനവർഷ ഉത്ഘാടനവും അവാർഡ്ദാനവും 2.00 pm മുതൽ 5.00 pm. റിന്യൂവൽ സെന്റർ, കലൂർ.

29 ഞായർ : മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനം

**ജൂൺ 2016**

05 ഞായർ : മതബോധന വർഷാരംഭം, പ്രവേശനോത്സവം.

11 ജൂൺ : റെഗുലർ സ്കൂൾ പ്രധാനാദ്ധ്യാപകരുടെ യോഗം (സന്മാർഗ്ഗ പാഠം) 10.00 am മുതൽ 1.00 pm. റിന്യൂവൽ സെന്റർ, കലൂർ.

19 ഞായർ : മതബോധന ഫൊറോന സെക്രട്ടറിമാരുടെയും പ്രൊമോട്ടേഴ്സിന്റേയും യോഗം 9.30 am മുതൽ 4.00 pm വരെ റിന്യൂവൽ സെന്റർ, കലൂർ.

26 ഞായർ : ബ്രദേഴ്സിന്റെ സംഗമം - ആലുവ സെന്റ് ഡൊമിനിക്ക് പള്ളിയിൽ (ഉച്ചതിരിഞ്ഞ് 2.00 മണി).

28 ചൊവ്വ : ഒന്നാം ക്ലാസ്സിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി.

ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2016 MAY - JUNE

### I. Marriage Preparation Course (MPC)

| | |
|---|---|
| May 02-04 [Single] Kaloor | June 06-08[Pair] Kaloor |
| May 03-05 [ Pair] Kalady | June 13-15[Single] Kaloor |
| May 09-11[Pair] Kaloor | June 14-16 [Pair] Kalady |
| May 17-19 [Single] Kalady | June 20-22[Single] Kaloor |
| May 17-19 [Pair] Kaloor | June 21-23 [Pair] Kalady |
| May 23-25 [ Single] Kaloor | June 27-29 [Pair] Kaloor |
| May 24-26 [ Pair] Kalady | June 28-30 [Single] Kalady |

### II. Newlyweds' Retreat (Sat. 06.00 pm to Sun. 04.30 pm)

May 07-08 Jeevalaya Family Park, Kalady.
June 04-05 Jeevalaya Family Park , kalady

### III. Grace Rings Couples' Retreat [Residential]

May 12-15 Jeevalaya Family Park, Kalady.
June 09-12 Jeevalaya Family Park, Kalady

### IV. Parenting Retreat

മാതാപിതാ-മക്കൾ ബന്ധത്തെ പരിപോഷിപ്പിക്കുന്നതിനായി കാലടി ജീവാലയ ഫാമിലി പാർക്കിൽ പാരന്റിംഗ് ധ്യാനം നടത്തുന്നു. മാസത്തിന്റെ നാലാമത്തെ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് 4.30-ന് സമാപിക്കുന്ന ധ്യാനത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കണം. കുട്ടികൾക്കും (5-12), കൗമാരക്കാർക്കും (13-21) വ്യത്യസ്ത ധ്യാനങ്ങളാണ് സംഘടിപ്പിക്കുന്നത്. മക്കളുടെ മനഃശാസ്ത്രം മനസ്സിലാക്കി ആരോഗ്യകരമായി മക്കളോട് പ്രതികരിക്കുവാൻ കഴിയുന്ന പരിശീലനങ്ങളാണ് ധ്യാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബുക്കിങ്ങിന് വിളിക്കുക: 9495950055, 9446335441.

May 27-29 Parenting Teenagers Retreat (Age 13-21 Years)
June 24-26 Parenting Childrens Retreat (Age 05-12 Years)

**V. Widows' Retreat**

യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കാലടി ജീവാലയ ഫാമിലി പാർക്കിൽ വച്ച് വിധവകൾക്കും അവരുടെ മക്കൾക്കുമായി ധ്യാനം ആരംഭിക്കുന്നു. വൈധവ്യത്തിന്റെ മുറിവുകളെ സുഖപ്പെടുത്തി സന്തോഷകരമായ കുടുംബജീവിതം നയിക്കുവാൻ സഹായിക്കുകയാണ് ഈ ധ്യാനത്തിന്റെ ലക്ഷ്യം. സ്വാഭിമാനം വീണ്ടെടുക്കുക, നിഷേധാത്മക വികാരങ്ങളെ തിരിച്ചറിയുക, പ്രതിസന്ധികളെ അതിജീവിക്കുക, മക്കളെ തനിയെ വളർത്താനുതകുന്ന നിപുണതകൾ പരിശീലിക്കുക എന്നിവയിലാണ് ഈ ധ്യാനം ശ്രദ്ധവയ്ക്കുന്നത്. ആത്മീയവും മനഃശാസ്ത്രപരവുമായ ശുശ്രൂഷകളിലൂടയെുള്ള ഒരു യാത്രയാണ് ഇത്. 60 വയസ്സിന് താഴെയുള്ള വിധവകളെ മാത്രമാണ് പ്രതീക്ഷിക്കുന്നത്. താത്പര്യമുള്ളവർ വിളിക്കുക. 0484 2462607, 9400929111.

May 20-22 Widows' Retreat
June 17-19 Widows' Retreat

**VI. Diploma In Family Administration (Jeevalaya Family Park Kalady)**

Apr. 02 - Apr. 16
June 04 - June 18

**VII. ഗ്രെയ്സ് റിപ്പിൾസ് നേതൃത്വ പരിശീലനം**

ഗ്രെയ്സ് റിപ്പിൾസ് **നേതൃത്വ പരിശീലനത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു**. ഗ്രെയ്സ് റിപ്പിൾസ് യൂണിറ്റ് കോർഡിനേറ്റർ, സെക്രട്ടറി ദമ്പതികൾ, ആനിമേറ്റർ സിസ്റ്റർ, ഫൊറോന ഭാരവാഹികൾ എന്നിവരെയാണ് ഈ പരിശീലനത്തിൽ പ്രതീക്ഷിക്കുന്നത്. തിയതികൾ ചുവടെ ചേർക്കുന്നു.

**GRL Training II**

| | | | | | |
|---|---|---|---|---|---|
| May | 01 | Mookkannoor | May | 22 | Kanjoor |
| May | 08 | Manjapra | May | 22 | Vaikom |
| May | 08 | Vallam | May | 22 | Pallippuram |
| May | 08 | Cherthala | May | 29 | Kizhakkambalam |
| May | 15 | Ernakulam | May | 29 | Edappally |
| May | 15 | Thripunithura | May | 29 | Angamaly |
| May | 15 | Parur | | | |

ഡയറക്ടർ

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ഗ്രാമദർശൻ: സുസ്ഥിര വികസനത്തിനായുള്ള സംഘടിതയജ്ഞം

ഗ്രാമങ്ങളെപ്പറ്റി കൂടുതലായി അറിയുന്നതിനും വികസനസാധ്യതകൾ ഗ്രാമീണരോടൊത്തു ചേർന്ന് പഠിക്കുന്നതിനും ഗ്രാമങ്ങളിലെ വിഭവങ്ങൾ കണ്ടെത്തുന്നതിനുമുള്ള പരിശ്രമമെന്ന നിലയിൽ സഹൃദയ ആവിഷ്കരിച്ചിട്ടുള്ള 'ഗ്രാമദർശൻ' പദ്ധതിക്കു തുടക്കമായി. വൈക്കം ഫൊറോനയിലെ ഉല്ലല, അച്ചിനകം ഇടവകകളിലാണ് ഗ്രാമദർശൻ നടത്തിയത്. സഹൃദയയിൽ നിന്നുള്ള സാമൂഹ്യപ്രവർത്തകർ, സെമിനാരിയിൽ നിന്നുള്ള എട്ട് ശെമ്മാശന്മാർ, അതത് ഇടവകകളിൽ നിന്ന് പ്രത്യേകം തിരഞ്ഞെടുത്ത് പരിശീലനം നൽകിയ കുടുംബയൂണിറ്റ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിലാണ് ഭവനസന്ദർശനങ്ങളും വിവരശേഖരണവും നടത്തിയത്. വിവരശേഖരണത്തിലൂടെ ലഭിച്ച അറിവുകൾ ശാസ്ത്രീയ വിശകലനം നടത്തി വികസന സാധ്യതകൾ കണ്ടെത്തി ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയെന്നതാണ് ഗ്രാമദർശന്റെ ലക്ഷ്യം.

ഗ്രാമദർശൻ പദ്ധതി നടപ്പാക്കുന്നതിന് നേതൃത്വം നൽകിയ ഉല്ലല, അച്ചിനകം ഇടവക വികാരിമാർക്കും ഇടവകതല നേതൃത്വത്തിനും നന്ദി. ഗ്രാമദർശൻ നടത്തണമെന്ന് ആഗ്രഹിക്കുന്ന ഇടവകകൾക്ക് ഓഫീസിൽ ബന്ധപ്പെടാവുന്നതാണ്.

## സഹൃദയ കാരുണ്യ ഇൻഷുറൻസ്

സഹൃദയ കാരുണ്യ ഇൻഷുറൻസ് പദ്ധതിയുടെ രണ്ടാംഘട്ടം മേയ് 16ന് പ്രാബല്യത്തിൽ വരുന്നതാണ്. പ്രായപരിധിയില്ലാതെ നിലവിലുള്ള രോഗങ്ങൾക്കും ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി വളരെ കുറഞ്ഞ പ്രീമിയത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതിയിൽ പരമാവധി കുടുംബങ്ങളെ അംഗങ്ങളാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണേ. ചികിത്സാ സഹായം തേടിയെത്തുന്ന പാവപ്പെട്ടവർക്ക് പോളിസിയിൽ ചേരാനുള്ള പ്രോത്സാഹനവും സാധിക്കുമെങ്കിൽ സാമ്പത്തിക സഹകരണവും നൽകുന്നത് അവർക്ക് കൂടുതൽ ഉപകാരപ്രദമാകുമെന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

## സഹൃദയ ക്ഷേമസംഘം

നമ്മുടെ അതിരൂപതയിൽ ക്രെഡിറ്റ് യൂണിയൻ ശൈലിയിൽ സഹൃദയ ക്ഷേമസംഘങ്ങൾ ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയായി. ജൂബിലി ആഘോഷങ്ങളെപ്പറ്റി ആലോചിക്കാനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി സംഘം ഭാരവാഹികളുടെ യോഗം പൊന്നുരുന്നിയിൽ നടത്തി.

## ആരോഗ്യധ്യാനം

ജീവിത, ഭക്ഷണശൈലികളുടെ ഭാഗമായി രോഗാവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന് ആരോഗ്യ ചിന്തകളും അറിവുകളും ആശയതലത്തിലും പ്രായോഗികതലത്തിലും പകർന്നുനൽകുവാൻ ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യധ്യാനം സംഘടിപ്പിക്കുന്നു. കാക്കനാട്, അഞ്ചുമുറി എന്നിവിടങ്ങളിൽ വിജയകരമായി നടത്തിയ ധ്യാനപരിപാടിയിൽ ശാരീരിക, മാനസിക, ആത്മീയ ഉണർവും വളർച്ചയുമാണ് ലക്ഷ്യമിടുന്നത്. ഏതു പ്രായത്തിലും അവസ്ഥയിലുമുള്ളവർക്ക് അനായാസം പരിശീലിക്കാവുന്ന ലഘു വ്യായാമങ്ങൾ, അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്ന അറിവുകൾ തുടങ്ങിയവയിലൂടെ ജീവിതം ക്രമീകരിച്ച് കൂടുതൽ ആരോഗ്യത്തോടെ ജീവിക്കാൻ ഈ സംരംഭം ഉപകാരപ്പെടുന്നതാണ്.

ഇടവകകളിൽ ഇത് നടത്തുന്നതിനായി ഓഫീസിൽ ബന്ധപ്പെടാവുന്നതാണ്.

## സഹൃദയ ഫാമിലിമാർട്ട്

കർഷകസംഘങ്ങളിൽ നിന്നും ശേഖരിച്ച നാടൻ വിഷരഹിത പച്ചക്കറികളും സഹൃദയ സംഘങ്ങളിലെ വീട്ടമ്മമാർ തയ്യാറാക്കിയ നാടൻ പലഹാരങ്ങൾ, അച്ചാറുകൾ, ധാന്യപ്പൊടികൾ, കറിപ്പൊടികൾ, സഹൃദയ ഉത്പന്നങ്ങൾ, പി.ഡി.ഡി.പി. യുടെ പാൽ ഉത്പന്നങ്ങൾ, നീര ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനത്തിനായി സഹൃദയ ഫാമിലി മാർട്ടിന്റെ വിപുലമായ വിപണനശാല പൊന്നുരുന്നിയിൽ ആരംഭിച്ചു.

## സ്വാവലംബൻ ഇൻഷുറൻസ്

ഭിന്നശേഷിയുള്ളവർക്കും കുടുംബാംഗങ്ങൾക്കും പരിരക്ഷ ലഭിക്കുന്ന സ്വാവലംബൻ ഇൻഷുറൻസ് പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓരോ മാസവും 20-ാം തീയതിക്കകം ഓഫീസിൽ നൽകാവുന്നതാണ്.

## മേയ് ദിനാചരണം

കെ.സി.ബി.സി. യുടെ തൊഴിൽ കമ്മീഷനു കീഴിൽ അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) ന്റെ ആഭിമുഖ്യത്തിൽ അതിരൂപതാതല മേയ് ദിനാചരണം കോക്കുന്ന് പള്ളിയിൽ നടത്തുന്നു.

## സഹൃദയ നോട്ട്ബുക്കുകളും കുടകളും

വിദ്യാലയ വർഷം ആരംഭിക്കുന്നതു പ്രമാണിച്ച് മിതമായ നിരക്കിൽ മികച്ച നിലവാരമുള്ള നോട്ട്ബുക്കുകളും കുടകളും സഹൃദയ വിതരണം ചെയ്യുന്നു. ആവശ്യമുള്ള ഇടവകകൾക്കോ സംഘങ്ങൾക്കോ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

## വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസ്

മൂന്നു വയസുമുതൽ 18 വയസുവരെ (+2 വരെ) പ്രായമുള്ള വിദ്യാർത്ഥികൾക്കായി സഹൃദയ നടപ്പാക്കിവരുന്ന വിദ്യാർത്ഥി സുരക്ഷ, ഇൻഷുറൻസ് ഈ വർഷവും തുടരുന്നു. വാർഷിക പ്രീമിയം 125/- രൂപ മാത്രം. അപകടം മൂലമോ അല്ലാതെയോ ഉള്ള ആശുപത്രി ചികിത്സകൾക്ക് സഹായവും രക്ഷകർത്താവിന് അപകട മരണം ഉണ്ടായാൽ നഷ്ടപരിഹാരവും ലഭിക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

## സഹായ, വായ്പാ വിതരണ വിവരം മാർച്ച് 2016

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (133 സംഘങ്ങൾ) | 2,99,20,000.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| കുടുംബ സഹായം | | 12,000.00 |
| മാനസികരോഗ ചികിത്സാ സഹായം | | 6,000.00 |
| **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി** | | |
| കാൻസർ ചികിത്സാ സഹായം (3) | | 13,000.00 |
| **ജൂബിലി ഭവന പുനരുദ്ധാരണ പദ്ധതി** | | |
| ഭവന പുനരുദ്ധാരണ സഹായം | | 25,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (131) | | 22,32,163.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (51) | | 8,21,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (29) | | 23,603.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | | |
| ആശ്വാസ് മരണാനന്തര സഹായം (90) | | 90,000.00 |
| സാർവത്രിക ആരോഗ്യ ഇൻഷുറൻസ് ചികിത്സാ സഹായം (168) | | 9,90,303.00 |

## അതിരൂപതാ സഹായനിധി മാർച്ച് 2016

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 5,000.00 | 6,000.00 | 3,000.00 | |
| അങ്കമാലി | 15,000.00 | 10,000.00 | 6,000.00 | |
| മഞ്ഞപ്ര | 20,000.00 | 9,000.00 | | |
| മൂഴിക്കുളം | 20,000.00 | 13,500.00 | 10,000.00 | |
| കാഞ്ഞൂർ | 20,000.00 | | | |
| വല്ലം | 5,000.00 | | | |
| എറണാകുളം | 3,000.00 | 5,500.00 | | |
| കിഴക്കമ്പലം | | 6,000.00 | 6,000.00 | |
| ഇടപ്പള്ളി | | 6,000.00 | 3,000.00 | |
| പറവൂർ | 30,000.00 | 50,000.00 | 3,000.00 | |
| തൃപ്പൂണിത്തുറ | | 5,500.00 | | |
| വൈക്കം | 5,000.00 | 15,000.00 | 4,000.00 | 4,000.00 |
| പള്ളിപ്പുറം | | 10,500.00 | | |
| ചേർത്തല | 10,000.00 | 5,000.00 | | |
| മുക്കന്നൂർ | 10,000.00 | | 3,000.00 | |
| കറുകുറ്റി | 10,000.00 | 16,500.00 | 3,000.00 | |
| **ആകെ** | **1,53,000.00** | **1,58,500.00** | **41,000.00** | **4,000.00** |

ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## Empower -2016

അതിരൂപതയുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി 2016 ഏപ്രിൽ 7, 8 (വ്യാഴം, വെള്ളി) തീയതികളിൽ അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ പരിശീലന പരിപാടി (Empower – 2016) നടന്നു. സുബോധന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ഷിനു ഉതുപ്പാൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 350 അദ്ധ്യാപകർ പങ്കെടുത്തു. മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് സമാപന സന്ദേശം നൽകി.

ഏപ്രിൽ 18, 19 തീയതികളിൽ പള്ളിപ്പുറം ഫൊറോനാ പാരിഷ് ഹാളിൽ നടന്ന പരിശീലന പരിപാടി ഫൊറോനാ വികാരി ഫാ. ജോസ് ഒഴലക്കാട്ട് ഉദ്ഘാടനം ചെയ്തു. 120 അദ്ധ്യാപകർ പങ്കെടുത്തു.

രണ്ടു സ്ഥലങ്ങളിലും 'A New Vision & Mission' എന്ന വിഷയത്തിൽ ബോണി & ടീം ക്ലാസ്സ് നയിച്ചു.

### ബഹു. മാനേജരച്ചന്മാരുടെ യോഗം

അതിരൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ ബഹു. മാനേജരച്ചൻമാരുടെ യോഗം ഏപ്രിൽ 12-ാം തിയതി (ചൊവ്വ) കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് സന്ദേശം നൽകി. വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ചും അതിരൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ പ്രവർത്തനങ്ങളെ കുറിച്ചും യോഗം ചർച്ച ചെയ്തു. മൂഴിക്കുളം ഫൊറോനാ സ്കൂൾ മാനേജർ ബഹു. ജോസ് വല്ലയിൽ അച്ചൻ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫോക്കസ് 2016:** അതിരൂപതാ വിദ്യാഭ്യാസ ഏജൻസിയിലുൾപ്പെട്ട സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ഫോക്കസ്-2016 എന്ന പരിശീലന പരിപാടി ഏപ്രിൽ 20, 21, 22 തിയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. വിവിധ ഹൈസ്ക്കൂളുകളിൽ നിന്നായി 75 കുട്ടികൾ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ചത് ബഹു. ബിനു സ്ക്കറിയ എസ്.ഡി.ബി. & ടീം ആയിരുന്നു.

## E. S. P. (Education Sponsorship Programme)

എറണാകുളം-അങ്കമാലി അതിരൂപതാ സെന്റിനറി മെമ്മോറിയൽ വിദ്യാഭ്യാസ സ്പോൺസർഷിപ്പ് പദ്ധതി എല്ലാവരുടെയും പ്രോത്സാഹനവും പങ്കാളിത്തവും കൊണ്ട് വളരെ വിജയകരമായി ഇരുപതു വർഷം പിന്നിട്ടു കഴിഞ്ഞു. ഈ

സംരംഭത്തിൽ സഹായികളായ എല്ലാവരുടേയും ഒരു യോഗം മെയ് 11-ാം തീയതി രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു.

### പ്രധാനാദ്ധ്യാപകരുടെ പരിശീലനം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകരുടെ പരിശീലന പരിപാടി മെയ് 21-ാം തിയതി (ശനിയാഴ്ച) രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്നു.

**മെയ് 2016**

| | |
|---|---|
| 5 | – Guideline class to +2 and 10th passed students |
| 11 | – Centenary Education Sponsors' meeting |
| 19, 20 | – Empower - 2016 കലൂർ റിന്യൂവൽ സെന്റർ |
| 21 | – പ്രധാനാദ്ധ്യാപകരുടെ പരിശീലനം |
| 27 | – അനദ്ധ്യാപകരുടെ പരിശീലനം |

കോർപ്പറേറ്റ് മാനേജർ

## സമന്വയ കൗൺസലിംഗ് സെന്റർ

### വ്യക്തിത്വ വികസന പരിശീലന പരിപാടി

സമന്വയ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ വ്യക്തിത്വ വികസനം എങ്ങിനെ സാധ്യമാകാം? (Build up Positive Attitude) എന്ന വിഷയത്തെ ആസ്പദമാക്കി ഏപ്രിൽ 16-ാം തീയതി രാവിലെ 10.30 മുതൽ 3.00 മണിവരെ സ്ക്കൂൾ വിദ്യാർത്ഥികൾക്കായി കലൂർ സമന്വയ സെന്ററിൽ ക്ലാസ്സ് നടന്നു. റവ. ഡോ. അബ്രാഹം ഓലിയപ്പുറത്ത്, സി. നൈസി എം.എസ്.ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### Training and Mentoring Programme
### for Resident's Association Members

Oneday training programme for- Ernakulam District Residents Association (Ernakulam, Aluva – Kaloor area) ഭാരവാഹികൾക്ക് സമന്വയ കൗൺസിലിംഗ് സെന്ററിൽ 2016 മെയ് 17-ാം തീയതി ചൊവ്വാഴ്ച ***'Teenagers' behavior problems എങ്ങിനെ കൈകാര്യം ചെയ്യാം*** എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകുന്നു. ക്ലാസ്സ് നയിക്കുന്നത് Dr. George J. Kaliyadan (*Consultat Pschocologist).*

E-mail: samanuyacounselling@yahoo.in

ഡയറക്ടർ

# Naipunnya International

**സി.ബി.എഫ്. –** ന്റെ അടുത്ത മീറ്റിംഗ് ഏപ്രിൽ 25–ാം തീയതി 6.30 p.m. ന് റിന്യൂവൽ സെന്റർ, കലൂരിൽ വച്ച് നടത്തുന്നതായിരിക്കും.

## ടാലന്റ് ട്രാക്ക്, പ്രതിഭാവികാസ് – ഏകദിനപരിപാടികൾ

1. ഏപ്രിൽ 10 – തുരുത്തിപ്പുറം സെന്റ് സെബാസ്റ്റ്യൻ പള്ളി
2. ഏപ്രിൽ 14 – ഉദയംപേരൂർ സെന്റ് സെബാസ്റ്റ്യൻ പള്ളി
3. ഏപ്രിൽ 28 – ഉല്ലല, ലിറ്റിൽ ഫ്ളവർ പള്ളി
4. ഏപ്രിൽ 26 – ചേന്ദമംഗലം ഹോളി ക്രോസ്സ് പള്ളി
5. മെയ് 10 – കാരുകുന്ന് സെന്റ് ജോസഫ് പള്ളി

## ടാലന്റ് ട്രാക്ക് സ്കോളർഷിപ്പ് വിതരണം

നൈപുണ്യ ഇന്റർനാഷണലിൽ നിന്ന് വിദ്യാഭ്യാസ സഹായം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികളുടെ ഇത്തവണത്തെ സ്കോളർഷിപ്പ് വിതരണം **മെയ് 17, 18** തീയതികളിലായിരിക്കും.

## റീജനൽ പ്രതിഭാവികാസ് 2016

നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ് ചേർത്തലയിൽ ഏപ്രിൽ 16, 17 തീയതികളിൽ ചേർത്തല, പള്ളിപ്പുറം, വൈക്കം ഫൊറോനകളിൽ നിന്നായി 43 കുട്ടികൾ പങ്കെടുത്ത ദ്വിദിന ക്യാമ്പ് ഉണ്ടായിരുന്നു. പ്രമുഖ്യ വ്യക്തികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ സാന്നിദ്ധ്യം കുട്ടികൾക്ക് ഏറെ അനുഗ്രഹപ്രദമായിരുന്നു. ഫാ. പോൾ കൈത്തോട്ടുങ്ങൽ, ഫാ. സിബി പുത്തൻപറമ്പിൽ തുടങ്ങിയവരും മേജർ സെമിനാരിയൻസും ക്യാമ്പിന് നേതൃത്വം കൊടുത്തു.

**ഏപ്രിൽ 23, 24 തീയതികളിൽ** നൈപുണ്യ കോളേജ് പൊങ്ങത്ത് നടത്തുന്ന ദ്വിദിന ക്യാമ്പിലേക്ക് അങ്കമാലി, മൂഴിക്കുളം, കറുകുറ്റി, കാഞ്ഞൂർ, മൂക്കന്നൂർ, കൊരട്ടി,വല്ലം, മഞ്ഞപ്ര ഫൊറോനകളിൽ നിന്ന് 63 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മെയ് 7, 8 തീയതികളിൽ** റിന്യൂവൽ സെന്റർ കലൂരിൽ വച്ച് നടത്തുന്ന ദ്വിദിന ക്യാമ്പിന് എറണാകുളം, തൃപ്പൂണിത്തുറ, ഇടപ്പള്ളി, കിഴക്കമ്പലം, പറവൂർ ഫൊറോനകളിൽ നിന്നുള്ള കുട്ടികളുടെ രജിസ്ട്രേഷൻ തുടരുന്നു.

**ഫോൺ: 0484-2381948/49, 9446339966**

# നൈപുണ്യ അക്കാദമി - തൃക്കാക്കര

**Smart Kids അവധിക്കാല Spoken English ക്ലാസ്സുകൾ**

**പുതിയ ബാച്ചുകൾ:**

- മെയ് 2 മുതൽ 13 വരെ.
- മെയ് 16 മുതൽ 27 വരെ

## English Refreshing Course

**(ബഹുമാനപ്പെട്ട വൈദീകർക്ക് വേണ്ടി)**

നൈപുണ്യ അക്കാദമി തൃക്കാക്കര വിജോഭവന് സമീപമുള്ള ക്യാമ്പസിൽ വച്ച് നടത്തുന്നു.

**മെയ് 9, 10, 11** തീയതികളിൽ 10.00 മുതൽ 1.00 മണി വരെ.
**മെയ് 12, 13, 14** തീയതികളിൽ 10 മുതൽ 1.00 മണി വരെ.

## Spoken English Program

(അവധിക്കാലത്ത് ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി)

**മെയ് 9 മുതൽ 20 വരെ**

രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 2.00 മണി വരെ.

**ഇതര കോഴ്സുകൾ നൈപുണ്യ അക്കാദമി തൃക്കാക്കര**

- UGC NET COACHING
- PSC EXAM COACHING
- BANK EXAM COACHING
- IELTS TRAINING

**കൂടുതൽ വിവരങ്ങൾക്ക്:**

Naipunnya Academy Thrikkakara
Phone: 9544919133, 9947349966

**അയർലൻഡ് നേഴ്സിംഗ് പ്രോഗ്രാം:**

അയർലൻഡിലേക്കുള്ള നേഴ്സസിന്റെ ഫ്രീ റിക്രൂട്ട്മെന്റ് നൈപുണ്യയിൽ നടത്തുകയുണ്ടായി. 80-ലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

ഡയറക്ടർ

# ചെറുപുഷ്പ മിഷൻ ലീഗ് (C.M.L.)

## നവവൈദികർക്ക് സ്വീകരണം

അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ നവ വൈദികർക്ക് സ്വീകരണം നൽകി. പ്രസിഡന്റ് സെമിച്ചൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപത ചാൻസലർ റവ. ഫാ. ജോസ് പൊള്ളയിൽ ഉദ്ഘാടനം ചെയ്തു. ജോ.ഡയറക്ടർ സിസ്റ്റർ അംബിക, വൈസ് പ്രസിഡന്റ് ബിനിത ദേവസ്സി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. നവ വൈദികർക്ക് ചാൻസലർ മെമെന്റോ നൽകി. സ്വീകരണത്തിന് നവവൈദികർ നന്ദി പറഞ്ഞു.

## 2016–2019 പ്രവർത്തനവർഷത്തെ ഭാരവാഹികൾ

| | |
|---|---|
| ഡയറക്ടർ: | റവ. ഫാ. ടോം മുള്ളൻചിറ |
| ജോ: ഡയറക്ടർ: | റവ. സി. അംബിക എഫ്. സി. സി. |
| പ്രസിഡന്റ്: | എം. വി. ഷാജു |
| വൈസ് പ്രസിഡന്റ്: | സിനി ബിജു |
| ജന: സെക്രട്ടറി: | മനോജ് ജോസഫ് |
| ജോ: സെക്രട്ടറി: | മീനു മാർട്ടിൻ |
| ജന: ഓർഗനൈസർ: | ജോയ് പടയാട്ടിൽ |

## പുതിയ ഭാരവാഹികൾക്ക് സ്വീകരണം

ചെറുപുഷ്പമിഷൻലീഗ് എറണാകുളം-അങ്കമാലി അതിരൂപത കമ്മിറ്റിയുടെ 2016-'19 പ്രവർത്തന വർഷത്തെ പുതിയ ഭാരവാഹികൾക്ക് സ്വീകരണം നൽകി. തെരഞ്ഞെടുക്കപ്പെട്ടവരെ അതിരൂപത ചാൻസലർ ജോസ് പൊള്ളയിലച്ചൻ പൂക്കൾ നൽകി സ്വീകരിച്ചു. തുടർന്ന് അഭിനന്ദനങ്ങൾ അർപ്പിച്ചു കൊണ്ട് ഡയറക്ടർ ഫാ. ടോം മുള്ളൻചിറ സംസാരിച്ചു. ദേശീയ പ്രസിഡന്റ് ഡേവീസ് വല്ലൂരാൻ ആശംസകൾ നേർന്നു. അതിരൂപത മുൻ സെക്രട്ടറി ജോഷി എം. വി. സമ്മേളനത്തിന് എത്തിയ എല്ലാവർക്കും നന്ദി പറഞ്ഞു.

## അതിരൂപത തെരഞ്ഞെടുപ്പും മാനേജിംഗ് കമ്മിറ്റിയും

ചെറുപുഷ്പ മിഷൻലീഗ് എറണാകുളം-അങ്കമാലി അതിരൂപത മാനേജിംഗ് കമ്മിറ്റിയും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2016 മാർച്ച് 6-ാം തീയതി അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അതിരൂപത ഡയറക്ടർ ഫാ. ടോം മുള്ളൻ ചിറയുടെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. അതിരൂപത ജോ. ഡയറക്ടർ സിസ്റ്റർ അംബിക പതാക ഉയർത്തി. സംഘടനാ നേതൃത്വത്തെക്കുറിച്ച് ഷാജി മാലിപ്പാറ ക്ലാസ്സ് നയിച്ചു. തുടർന്ന് മാനേജിംഗ് കമ്മിറ്റി യോഗം കൂടുകയുണ്ടായി. യോഗത്തിൽ സെക്രട്ടറി ജോഷി എം വി. റിപ്പോർട്ട് കണക്ക് എന്നിവ അവതരിപ്പിച്ചു. പ്രസിഡന്റ് സെമിച്ചൻ ജോസഫ് അദ്ധ്യക്ഷനായിരുന്നു. ഓർഗനൈസർ പി.ടി പൗലോസ് സ്വാഗതം പറഞ്ഞു. തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റ് ബെന്നി മുത്തനാട്ട് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

ഡയറക്ടർ

---

## ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## പ്രധാന പരിപാടികൾ

| | | |
|---|---|---|
| മേയ് 12 | - | വചന പ്രഘോഷകരുടേയും കൗൺസിലേഴ്സിന്റെയും അതിരൂപതാ സമ്മേളനം |
| | - | പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റിംഗ് (റിന്യൂവൽ സെന്റർ കലൂർ) |
| മേയ് 19 | - | പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റിംഗ് (സുബോധന അങ്കമാലി) |
| ജൂൺ 1-5 | - | ഈശോ സ്പർശം - ധ്യാനം സെന്റ് ആന്റണീസ് ചർച്ച് -വരാപ്പുഴ (വരാപ്പുഴ അതിരൂപത) |

ഡയറക്ടർ

# അതിരൂപതാ ഡയറി

**മാർച്ച് 2016**

17 ജോർജ് ആലഞ്ചേരി പിതാവ് കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ നടന്ന കാഞ്ഞൂർ സോണിലെ വൈദീകരുടെ ഓൺ ഗോയിംഗ് ഫോർമേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഓൺ ഗോയിംഗ് ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുകയും ജോസ് പുത്തൻവീട്ടിൽ പിതാവ് സമാപന സന്ദേശം നൽകുകയും ചെയ്തു.

18 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് തൃക്കാക്കര ഭാരത മാത കോളേജിൽ നടന്ന പി. ജെ. തോമസ് മെമ്മോറിയൽ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ വിജോഭവനിൽ വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന ചൂണ്ടി ലോ കോളേജിന്റെയും അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിന്റേയും ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തു.

വൈകിട്ട് പിതാക്കന്മാർ മൂന്നുപേരും അരമനയിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

19 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ മൗണ്ട് സെന്റ് തോമസിൽ നടന്ന ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു. അരമനയിൽ സേവനം ചെയ്യുന്ന ടി. ആർ. ദേവസിയുടെ മാതാവ് തെക്കേക്കര ഏല്യാക്കുട്ടിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ (കുത്തിയതോട് പള്ളിയിൽ) കാർമ്മികത്വം വഹിച്ചു. കോക്കമംഗലം ഇടവകയിൽ ബഹു. ചേന്നോത്ത് പിതാവിന്റെ സഹോദരന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. രാത്രി എറണാകുളം ബസിലിക്കയിൽ വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള നേർച്ച സദ്യ ആശീർവ്വദിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ വിമലഗിരി പള്ളിയിൽ വി.കുർബാന അർപ്പിക്കുകയും സെമിത്തേരിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചയ്ക്ക് മള്ളുശ്ശേരിയിൽ അങ്കമാലി വിൻസെൻഷ്യൻ മതബോധന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 12-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പണികഴിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് എറണാകുളം ബസിലിക്കയിൽ വി. കുർബാന അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും നേർച്ച സദ്യയിൽ പങ്കുചേരുകയും ചെയ്തു.

20 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ ഓശാന ഞായറിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ചക്കരപ്പറമ്പ് പള്ളിയിലും ജോസ് പുത്തൻവീട്ടിൽ പിതാവ് പുത്തൻകുരിശ് പള്ളിയിലും ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ജോർജ്ജ് ആലഞ്ചേരി പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും വൈകിട്ട് എറണാകുളം-അങ്കമാലി അതിരൂപതയുടേയും വരാപ്പുഴ അതിരൂപതയുടേയും മൂവാറ്റുപുഴ രൂപതയുടേയും ആഭിമുഖ്യത്തിൽ നടന്ന നഗരം ചുറ്റിയുള്ള പീഡാനുഭവ യാത്രയിൽ പങ്കുചേർന്നു. ജോർജ്ജ് ആലഞ്ചേരി പിതാവ് സമാപന സന്ദേശം നൽകി.

21 പിതാക്കന്മാർ മൂന്നുപേരും രാവിലെ എറണാകുളം ബസിലിക്കയിൽ നടന്ന മൂറോൻ വെഞ്ചരിപ്പ് കുർബാനയിൽ സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ലിസി ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകിട്ട് മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ നടന്ന ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ തൃക്കാക്കര മൈനർ

സെമിനാരിയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ ബ്രദേഴ്സിന് ഡീക്കൻ പട്ടം നൽകി.

22 ജോർജ്ജ് ആലഞ്ചേരി പിതാവ് തൃക്കാക്കര ഹോളിക്രോസ് മഠത്തിൽ വി.കുർബാന അർപ്പിച്ചു. ആലുവയിൽ ബഹു. മാർട്ടിൻ വെമ്പുളിയത്ത് അച്ചന്റെ പിതാവിന്റെ മൃതദേഹത്തിനരികെ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് ആലുവയിൽ ബഹു. മാർട്ടിൻ വെമ്പുളിയത്ത് അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അരമനയിൽ നടന്ന മതബോധന മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ആലുവയിൽ ബഹു. മാർട്ടിൻ വെമ്പുളിയത്ത് അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് റിന്യൂവൽ സെന്ററിൽ ഫാമിലി അപ്പസ്റ്റലേറ്റിൽ ക്ലാസ്സ് എടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസ് ചാപ്പലിലെ നവീകരിച്ച അൾത്താരയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകിട്ട് തൃക്കാക്കര N.G.O. Quarters ഇടവകയിൽ നവീകരിച്ച അൾത്താരയുടെ ആശീർവാദ കർമ്മം നടത്തുകയും വി.കുർബാന അർപ്പിക്കുകയും ചെയ്തു.

24 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ പെസഹാവ്യാഴത്തിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് എറണാകുളം ബസിലിക്കയിൽ നടന്ന പൊതു ആരാധനയിലും തുടർന്ന് അപ്പംമുറിക്കൽ ശുശ്രൂഷയിലും പങ്കുചേർന്നു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ പാലാരിവട്ടം പള്ളിയിൽ പെസഹാവ്യാഴത്തിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ആലുവ ക്ലാരപുരത്ത് അന്യസംസ്ഥാന തൊഴിലാളികളുടെകൂടെ അപ്പംമുറിക്കൽ ശുശ്രൂഷയിൽ പങ്കുചേർന്നു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ പള്ളുരുത്തി പള്ളിയിൽ പെസഹാവ്യാഴത്തിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ആലുവ സബ് ജയിലിൽ നടന്ന അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കുചേർന്നു.

25 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ആഘോഷമായ കുരിശിന്റെ വഴിയിലും പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മഞ്ഞപ്ര ഫൊറോനാ പള്ളിയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ പീഡാനുഭവ വചന സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ കോട്ടക്കാവ് പള്ളിയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ബസിലിക്കയിൽ ഉയർപ്പിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് ആലുവ ക്ലാരപുരം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടിയുള്ള ധ്യാനത്തിൽ സമാപനസന്ദേശം നൽകി. തുടർന്ന് അവരോടൊപ്പം ഈസ്റ്റർ വിരുന്നിൽ പങ്കുചേർന്നു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാർമ്മൽഗിരി പള്ളിയിലും ജോസ് പുത്തൻവീട്ടിൽ പിതാവ് എളമക്കര പള്ളിയിലും ഉയർപ്പിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം ലിസി പ്രേഷിതാരാം കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

29 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം തൃക്കാക്കര എസ്.എച്ച്. മൈനർ സെമിനാരിയിൽ നടന്ന വൊക്കേഷൻ ക്യാമ്പിൽ കുട്ടികൾക്ക് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ഭാരത മാത കോളേജിൽ നടന്ന ടീച്ചേഴ്സിന്റെ വിരമിക്കൽ ചടങ്ങിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ കാണുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് എസ്.ഡി. ജനറലേറ്റിൽ മഠത്തിന്റെ 90-ാമത് വാർഷികാഘോഷത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

30 ജോർജ് ആലഞ്ചേരി പിതാവ് വിലങ്ങ് ഇടവകയിലെ എല്. എസ്. ഡി. പി. സിസ്റ്റേഴ്സിന്റെ പ്രൊവിഡൻസ് ഹോമിൽ വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്കായി വി. കുർബാന അർപ്പിച്ച സന്ദേശം നൽകി.

31 ജോർജ് ആലഞ്ചേരി പിതാവ് തുതിയൂർ ഇടവകയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മലയാറ്റൂർ പള്ളിയിൽ പുതുഞായർ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും കൊടിയേറ്റ് നടത്തുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും കൂരിയ-ഫൊറോന കൂടിക്കാഴ്ചയുടെ ഭാഗമായി മറ്റ് കൂരിയാ അംഗങ്ങളോടൊപ്പം കറുകുറ്റി ഫൊറോനാ സന്ദർശനം നടത്തി.

## ഏപ്രിൽ 2016

1 ജോർജ് ആലഞ്ചേരി പിതാവ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ബസിലിക്കയിൽ നടത്ത പ്രാർത്ഥനയിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ എളംകുളം മാർതോമ്മാ പള്ളയിൽ നടന്ന സീനിയർ സിറ്റിസൺസ് മീറ്റിംഗ്

ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

2 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് സി.എം.സി. കോൺവെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. വൈകുന്നേരം എറണാകുളം കത്തീഡ്രൽ ബസിലിക്കയുടെ കുരിശുപള്ളിയായ വടുതലയിൽ പുനർനിർമ്മിച്ച തിരുഹൃദയദേവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കോക്കമംഗലം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പൊതിയിൽ മേഴ്സി കോളേജ് ഓഫ് നേഴ്സിംഗിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വല്ലകം പള്ളിയിൽ വൈക്കം ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തിയ എ.കെ.സി.സി. മീറ്റിംഗിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് മാമ്പ്ര പള്ളിയിൽ ഡീക്കൻ സിൽജോ അവൂപ്പാടൻ (M.S.F.S.) ന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കുസുമഗിരിയിൽ ഓട്ടിസം സ്കൂളിന്റെ വാർഷികം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വരാപ്പുഴ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

3 ജോർജ് ആലഞ്ചേരി പിതാവ് തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് രാജപ്പൻ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ വചനസന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തിരുവനന്തപുരത്ത് അഭിവന്ദ്യ ക്രിസ്തുദാസ് രാജപ്പൻ പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ സംബന്ധിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ കൊറ്റമം പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച പ്രധാന കവാടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു. വൈകുന്നേരം വടുതല പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും റിന്യൂവൽ സെന്ററിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

5 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ചേർത്തല നൈപുണ്യയുടേയും, കൊച്ചി നൈപുണ്യയുടേയും ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

6 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ പഴങ്ങനാട് മദർ തെരേസാ മഠത്തിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം അരമനയിൽ വൈദികരുടെ ബാച്ച് മീറ്റിംഗിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും കളമശ്ശേരി സോഷ്യൽ വെൽഫെയർ സെന്ററിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

7 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം എസ്.എ.ബി.എസ്. മഠത്തിൽ വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ പിതാവ് രാവിലെ കുത്തിയതോട് സെന്റ് തോമസ് പള്ളിയിൽ ഡീക്കൻ ജിനോ (ലാസലെറ്റ്) ന് തിരുപ്പട്ടം നൽകി. വൈകുന്നേരം കൊങ്ങോർപിള്ളി പള്ളിയിൽ കുട്ടികൾക്ക് ആദ്യ കുർബാന സ്വീകരണവും, സ്ഥൈര്യലേപനവും നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈക്കം ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിന് വചന സന്ദേശം നൽകി. വൈകുന്നേരം ചുണങ്ങംവേലി സി.സി.ബി.-യിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

8 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന മാർ ളൂയീസിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മുട്ടത്തിപ്പറമ്പ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അരമനയിൽ നടന്ന മാർ ളൂയീസിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സുബോധനയിൽ നടന്ന ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. വൈകുന്നേരം ചെങ്ങൽ സി.എം.സി. മഠം സന്ദർശിച്ചു.

9 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് കോതമംഗലം, പൈങ്ങോട്ടൂർ ഇടവകയിൽ ബ. ഫ്രാൻസിസ് പിട്ടാപ്പിള്ളി അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ഉദയംപേരൂരിൽ ബഹു. മാരിയൂസ് സി.എം.ഐ. അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. വൈകുന്നേരം തെങ്ങോട് പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് കോലഞ്ചേരി പള്ളിയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. വൈകുന്നേരം കളമ്പാട്ടുപുരം പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കപ്പേളയുടെ വെഞ്ചരിപ്പ് നടത്തുകയും ചെയ്തു.

10 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പഴങ്ങനാട് പള്ളിയിൽ ഫാമിലി അപ്പസ്തോലേറ്റിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിക്കുകയും പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കൈതാരം ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

11 ജോർജ് ആലഞ്ചേരി പിതാവ് റോമിലേക്കു പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കളമശ്ശേരി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കവരപ്പറമ്പിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം എറണാകുളം അസ്സീസി ഭവൻ എഫ്.സി.സി. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

12 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ എബൈഡ് ധ്യാനത്തിന്റെ ഭാഗമായി വി. കുർബാന

അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം തലയോലപ്പറമ്പ് പിയാത്താ ഭവനിൽ വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും റിന്യൂവൽ സെന്ററിൽ നടന്ന സ്കൂൾ മാനേജർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

13 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ തൃപ്പൂണിത്തുറ പള്ളിയിൽ ബ. ജോസ് മണ്ടാനത്ത് അച്ചന്റെ വന്ദ്യ മാതാവിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യമ്പിന്റെ ഭാഗമായി നടന്ന സംവാദത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് കൊരട്ടി ഫൊറോനാ പള്ളിയിൽ നടന്ന യൂത്ത് കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നാടുകാണി സാൻജോ ഭവനിൽ വി. കുർബാന അർപ്പിക്കുകയും പുതിയ ഗ്രോട്ടോയുടെ വെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നരം കച്ചേരിപ്പടി സാൻജോ കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

15 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം കളമശ്ശേരി രാജഗിരി പബ്ലിക് സ്കൂളിൽ നടന്ന 'ജോയ് കോൺഫറൻസ് 2016' എന്ന പ്രോഗ്രാമിൽ കുട്ടികളുമായി നടന്ന സംവാദത്തിൽ പങ്കെടുത്തു.

16 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ചുണങ്ങംവേലി വിമൽജ്യോതി റിന്യൂവൽ സെന്ററിൽ സുപ്പീരിയേഴ്സിനുള്ള കോഴ്സിന്റെ ഭാഗമായി ക്ലാസ്സ് എടുക്കുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് കളമശ്ശേരി പള്ളിയിൽ അതിരൂപതാ ബ്രദേഴ്സിന് വൈദികവസ്ത്രം നൽകുന്ന ചടങ്ങിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും വൈകുന്നേരം അരമനയിൽ നടന്ന മഹാജൂബിലി ട്രസ്റ്റിന്റെ യോഗത്തിൽ പങ്കെടുത്തു.

17 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മൂന്നൂർപ്പിള്ളി പള്ളിയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകുകയും, ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് പൊങ്ങം നൈപുണ്യയിൽ നടന്ന പ്രതിഭാ വികാസ് പ്രോഗ്രാമിൽ പങ്കെടുത്തു.

18 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും വൈകിട്ട് കൂടാലപ്പാട് ഇടവകയിൽ ബ. ജോർജ് തോട്ടങ്കരയച്ചന്റെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

20 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ റോമിൽനിന്ന് തിരിച്ചെത്തി. വൈകുന്നേരം അരമനയിൽ നടന്ന വൈദികരുടെ ബാച്ച് മീറ്റിംഗിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ എരമല്ലൂർ 'വിൻ' സെന്ററിൽ വി. കുർബാന അർപ്പിക്കുകയും അർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഞാറള്ളൂരുള്ള സങ്കീർത്തനയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ മാണിക്യമംഗലത്ത് ഡീക്കൻ ലാൽജി പട്ടത്തിൽ എം.എസ്.എഫ്.എസ്. ന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

* * * * *



# പുനർ നിർമ്മിച്ച വടുതല

# തിരുഹൃദയ ദേവാലയം

## ഏപ്രിൽ 02, 2016

Registered No. KL/EKM/748/2016-18

RNI No. 3421/57
Date of Publication: 01.05.2016

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

"അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. (ലൂക്കാ 1:48-49)

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682031.
Editor: Rev. Fr. Jose Pollayil